# ചിത്രകലയിലെ എന്റെ യാത്രാവഴികൾ

**അക്കിത്തം നാരായണൻ**

നിറയെ പോക്കറ്റുകളുള്ള വെള്ള ബുഷ് ഷർട്ട്, അരക്കാലൻ വെള്ള ട്രൗസർ, സോക്സും ഷൂസും ടൈയും, പിന്നെ ഒരു കൊളോനിയൻ ചട്ടത്തൊപ്പിയും- ഇതൊക്കെയായിരുന്നു ഹെഡ്മാസ്റ്റർ നാരായണൻനായർ മാസ്റ്ററിന്റെ വേഷം. ശീമയിൽനിന്ന് പുതുതായി ഇറങ്ങിയ മട്ടാണ് എപ്പോഴും. കയ്യിൽ എപ്പോഴും ഉണ്ടാവും ചൂരൽവടി. ഞാൻ ഫോർത്തു ഫോമിൽ പഠിക്കുന്ന കാലം. രാവിലെ പ്രാർത്ഥനയ്ക്ക് സ്കൂൾ മുറ്റത്ത് വിദ്യാർത്ഥികൾ അച്ചടക്കത്തോടെ നിരന്നു നിന്നു. സാധാരണ ചടങ്ങുകൾ കഴിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ എന്റെ പേരു വിളിച്ച് അടുത്തു വരുവാൻ പറഞ്ഞു. മുമ്പൊരിക്കൽ അദ്ദേഹമെന്നെ ഇത്തരമൊരു സന്ദർഭത്തിൽ വിളിച്ചിട്ടുണ്ട്. അന്ന് രണ്ടുകൈവെള്ളയിലുമായി ആറുവീതം ചൂരൽപ്രഹരം അദ്ദേഹത്തിൽ നിന്ന് എനിക്ക് കിട്ടുകയും ചെയ്തു. സഹപാഠിയുമായി അടിപിടികൂടിയ വകയ്ക്കുള്ള ശിക്ഷയായിരുന്നു ആ ചൂരൽകഷായം. ഇപ്പോൾ ഇതാ വീണ്ടും വിളിക്കുന്നു. എന്റെ സകലനാഡികളും തളർന്നു. കാലുകൾ കുഴഞ്ഞു. വിയർപ്പിൽ കുളിച്ചു. ഭയന്നുവിറച്ച് അദ്ദേഹത്തിന്റെ മുമ്പിലെത്തി. കുട്ടികളെല്ലാം ആകാംക്ഷയോടെ നോക്കിനിന്നു. ഞാൻ തലപൊക്കാതെ ഭയന്ന് വിറയ്ക്കുന്നുണ്ടായിരുന്നു.

നാരായണൻനായർ മാസ്റ്റർ പോക്കറ്റിൽനിന്ന് ഒരു കടലാസ്സ് പുറത്തെടുത്തുവായിച്ചു: “മദ്രാസ് മ്യൂസിയം സെന്റിനറി ചിൽഡ്രൻസ് ആർട്ട് മത്സരത്തിൽ എ. നാരായണന് ഒന്നാം സമ്മാനം കിട്ടിയിരിക്കുന്നു. എന്ന് എ. അയ്യപ്പൻ, മ്യൂസിയം ക്യൂറേറ്റർ, മദ്രാസ്”. പിരടിയിൽ ഐസുവെള്ളം ഒഴിച്ചത്പോലെ തോന്നി. വിയർപ്പ് തണുപ്പുതട്ടി ആവിയായി കണ്ണിൽ നിന്നും ചെവിയിൽനിന്നും പറന്നുയർന്നു. മദ്രാസിൽനിന്ന് അയച്ച ടെലഗ്രാമായിരുന്നു അത്. സഹപാഠികൾ കയ്യടിച്ചു. ഞാൻ തലപൊക്കിപ്പിടിച്ച് സ്വസ്ഥാനത്തു തിരിച്ചുവന്നു; തെല്ലൊരഭിമാനത്തോടെ.

കുമാരനല്ലൂരിൽ പഠിക്കുമ്പോൾ തൃത്താലയിൽ നിന്ന് ഒരു മുഹമ്മദ് വന്നിരുന്നു. ഞങ്ങൾ ഒരേ ക്ലാസ്സിലാണ് പഠിച്ചിരുന്നത്. മുഹമ്മദ് ആള് വളരെ ക്ലീൻ. ശുഭ്രവസ്ത്രധാരി. ആറു നാഴിക ദൂരമുള്ള തൃത്താലയിൽനിന്ന് ദിവസവും വന്നുപോവുകയായിരുന്നു. ചിലദിവസം ബസ്സിൽ, അതുതെറ്റിയാൽ നടത്തംതന്നെ. വാച്ച്, പെൻ, ടോർച്ച് തുടങ്ങി വിദേശ ഗാഡ്ജറ്റുകൾ ആദ്യമായി കാണുന്നത് മുഹമ്മദിൽ കൂടിയാണ്. പലതും ക്ലാസ്സിൽ കൊണ്ടുവരും. എന്നെ അതെല്ലാം കാണിക്കും.

അങ്ങിനെ ഒരു ദിവസം ഒരു പേന എന്റെ കൈവശം തന്നു. അത് ശരിയായി എഴുതുന്നില്ല. മഷി അടഞ്ഞിരിക്കുന്നു. ഞാനത് ശരിയാക്കിത്തരാം എന്നു പറഞ്ഞ് വാങ്ങിവച്ച്, അതിൽ ഒന്നുരണ്ട് ദിവസം

തിരിപ്പിടിച്ചു. ഒന്നും ശരിയായില്ല. നിബ്ബും ഫീഡറും അഴിച്ചെടുത്ത് കഴുകി വൃത്തിയാക്കുവാൻ ശ്രമിച്ചു. എത്ര വലിച്ചിട്ടും അത് വരുന്നില്ല. ഒന്നു ചൂടാക്കി. അത് കുറച്ച് കടന്നുപോയി. പേനയുടെ നല്ലൊരു ഭാഗം കത്തി. ചൂടാക്കിയാൽ ഉരുകുകയോ, മൃദുലമാകുകയോ മാത്രമേ സംഭവിക്കൂ എന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ അതിന്റെ 'ബോഡി' അഭ്രം എന്ന ഒരു പദാർത്ഥത്താൽ ഉണ്ടാക്കിയതായിരുന്നു. അഭ്രം തീനാളം തട്ടി യാൽ ഉടൻ കത്തും. കർപ്പൂരത്തിന്റെ വാസനയാണ് അത് കത്തുമ്പോൾ. ഇപ്പോഴത്തെ പ്ലാസ്റ്റിക് സാധന ങ്ങൾ കത്തുമ്പോൾ മനം പുരട്ടുന്ന മണമാണല്ലോ വരിക. ഞാൻ മുഹമ്മദിനോടിനി എന്തു പറയും? കുറച്ചു ദിവസങ്ങൾ ഉരുണ്ടുകളിക്കാം. പിന്നെ? അതിനി നേരേയാവില്ല. മുഹമ്മദ് അതിന്റെ വിലകിട്ടിയാൽ മതി എന്ന് പറഞ്ഞു. അയാൾ മാതാപിതാക്കൾക്ക് കണക്കുകൊടുക്കണമായിരുന്നു. മൂന്നുമൂന്നര ഉറുപ്പികവേണം അതിന്റെ വിലയായി! ഞാൻ ഇതിപ്പോൾ എങ്ങനെ ഉണ്ടാക്കും? ഒരുപറ അരിക്ക് അന്ന് പതിനാറുരൂപയാണ് എന്നു തോന്നുന്നു. സ്കൂൾഫീസ് മൂന്നുരൂപ. പണം ആരുടെ കയ്യിലും ഇല്ല. നെല്ലുണ്ട്. കായ്കറികളുണ്ട്. പക്ഷേ ഉരുളുന്ന പണം, വെള്ള ഉറുപ്പിക ആരുടെ കയ്യിലും ഇല്ല.

ഉപനയനം കഴിഞ്ഞ നമ്പൂതിരിക്കുട്ടികൾക്ക് വൈശാഖദാനം, തിരുവോണഊട്ട് തുടങ്ങി ചില അവസരങ്ങളിൽ ഒരുമുക്കാലോ രണ്ടുമുക്കാലോ ദാനമായി കിട്ടിയിരുന്ന ചില്ലിക്കാശൊഴികെ യാതൊരുവിധ വരുമാനവും ഞങ്ങൾ കുട്ടികൾക്ക് ഉണ്ടായിരുന്നില്ല. അച്ഛനോട് ചോദിക്കാം. അച്ഛന്റെ കയ്യിലും, പണം എന്ന ഒന്നില്ലെന്ന് ബുദ്ധിപൂർവ്വം ആലോചിക്കാനോ മനസ്സിലാക്കാനോ അന്ന് കഴിവുണ്ടായിരുന്നില്ല. മക്കൾക്കാവശ്യമുള്ള കാശോ മറ്റെന്തുമോ കൊടുക്കേണ്ടത് അച്ഛന്റെ ചുമതലയാണ് എന്നൊരു 'മന്ദബുദ്ധി' മാത്രമേ ആ ചെറുപ്പകാലത്ത് ഉണ്ടായി രുന്നുള്ളു. അച്ഛൻ പൂജക്കിരിക്കുമ്പോൾ ചോദിക്കാം - മറ്റാരും അറിയരുത്.

ഇല്ലത്തെ ശ്രീലകം. അച്ഛൻ ഭഗവതിക്കും മറ്റു മുപ്പത്തിമൂവ്വായിരം ദൈവങ്ങൾക്കും പൂജിച്ചു കൊണ്ടിരിക്കുന്നു. രോമാവൃതമായ പിരടിയും പുറവും കാണാം. അതിൽ വിയർത്തൊട്ടിപ്പിടിച്ചുകിടക്കുന്ന പൂണുനൂലും. ഞാൻ പിന്നിൽ തൊഴുതുനിന്നുകൊണ്ട് പറഞ്ഞു: "അച്ഛാ എനിക്ക് മൂന്നുറുപ്പിക വേണം, ഇന്നു തന്നെ വേണം". "ഇവിടെ ഒരു കാശും ഇരിപ്പില്ലല്ലോ. പണം തരാൻ ഞാൻ ഒരു വഴിയും കാണുന്നില്ല". അച്ഛൻ തീർത്തു പറഞ്ഞു. "എന്നാൽ ഞാൻ അക്കിത്തത്തെ കുട്ടിയല്ലെന്ന് എഴുതിത്തരൂ. ഞാൻ വേറെ വഴിനോക്കിക്കൊള്ളാം" - എന്നൊരു വാചകം എന്തോ ഒരു വികാരാവേശത്തിന്നടിപ്പെട്ട എന്നിൽ നിന്ന് കൊഴിഞ്ഞുവീണു. അച്ഛൻ തിരിഞ്ഞിരുന്ന് എന്നെ നോക്കി. ഒരു ഞൊടി മാത്രം. പിന്നീട് തലകുനിച്ചിരുന്നു. തകർന്നുടഞ്ഞ് ഒരു സൗധംപോലെ! ഞാനും സ്തംഭിച്ചുനിന്നുപോയി. മാപ്പുചോദിക്കുവാനുള്ള ധൈര്യമില്ലാതെ, ഞാൻ ഉച്ചരിച്ച വാക്കുകളുടെ കാഠിന്യവും ക്രൂരതയും ലേശംപോലും അലിയാതെ, മായാതെ. ആ സംഭവം ഇന്നും എന്നെ ഒരു ബാധപോലെ പിൻതുടരുന്നു- അച്ഛാ എനിക്ക് മാപ്പുതരൂ.

കാക്കയേയും പൂച്ചയേയും മാത്രം വരയ്ക്കലല്ല കല എന്ന ഒരു ബോധം ഉണ്ടാക്കിത്തന്നത് ടി.വി. ബാലകൃഷ്ണൻനായർമാഷ് കുമാരനല്ലൂർ ഹൈസ്കൂളിൽ ഡ്രോയിങ്ങ്മാസ്റ്ററായി വന്നപ്പോളാണ്. അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ് ഞങ്ങൾ കുറച്ചുകുട്ടികളെക്കൊണ്ട് ചിത്രങ്ങൾ വരപ്പിച്ച് വിവിധ മത്സരങ്ങൾക്ക് അയച്ചുതുടങ്ങിയത്. ചെറുപ്പത്തിലേ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. തോന്നുന്നതെല്ലാം അവിടവിടെ വരച്ചിടും. വരയ്ക്കുന്നതാരും കാണരുതെന്ന തോന്നലുണ്ടായിരുന്നു. അവ പലപ്പോഴും നശിപ്പിച്ചു കളയുക സാധാരണമായിരുന്നു.

മലയാളത്തിലും ഇംഗ്ലീഷിലുമായി നിറയെ വാരികകളും മാസികകളും ഏട്ടന് (അക്കിത്തം) അയച്ചു കിട്ടിയിരുന്നു. അവയിൽ നിറയെ ചിത്രങ്ങളും ശില്പങ്ങളും അച്ചടിച്ച് വന്നിരുന്നു, സോവിയറ്റ്നാട്, പോളണ്ട്, ഹംഗറി, റുമാനിയ തുടങ്ങിയ നാടുകളിലെ അന്നത്തെ മുഖപത്രങ്ങളായിരുന്നു അവയിൽ മിക്കതും. ചിത്രകലയെക്കുറിച്ച് ഒരേകദേശരൂപം കിട്ടുവാൻ അവ സഹായിച്ചു.

രവിവർമ്മയുടെ ചിത്രങ്ങളുടെ പകർപ്പുകൾ (Lethographic prints) ഇല്ലത്തെ നാലിറയത്തെ ചുമരുകളിൽ അങ്ങിങ്ങായി പുകപിടിച്ചും കീറിയും തൂങ്ങികിടപ്പുണ്ടായിരുന്നു. പുരാണങ്ങളിലെ ദേവതകളും ദേവന്മാരും നിറഞ്ഞ ആ ചിത്രങ്ങൾ കാണുമ്പോൾ അവ ആരാധനാവസ്തുക്കളായിട്ടാണ് തോന്നിയത്; ചിത്രങ്ങളായി കണ്ട് ആസ്വദിക്കാൻ അന്ന് കഴിഞ്ഞിരുന്നില്ല. എന്നാൽ ഇല്ലത്തെ ചില ചുമരുകളിൽ

പലരും പല കാലത്തായി വരച്ചിട്ടിരുന്ന ചിത്രങ്ങൾ പ്രത്യേക അനുഭൂതി നല്കുകയും ചെയ്തിരുന്നു.

സംഗീതം, അഭിനയം, നൃത്തം തുടങ്ങി വിവിധ തുറകളിൽ എനിക്ക് അഭിരുചിയുണ്ടായിരുന്നു. എങ്കിലും ചിത്രകലയാണ് (ഒരു പക്ഷേ ശില്പവും) എന്റെ വഴി എന്ന് എനിക്ക് ക്രമേണ തോന്നി. പ്രത്യേകിച്ച് ആയിടക്ക് മദ്രാസിൽനിന്ന് കിട്ടിയ പാരിതോഷികം, ഒരു കാരണവുമായിരിക്കാം.

അന്ന് ശൂലപാണിവാരിയർ ഇല്ലത്തെ നിത്യസന്ദർശകനായിരുന്നു. ഏട്ടനും ശൂലപാണി വാരിയരും കവിത, സാഹിത്യം, ജ്യോതിഷം എന്നിവയെക്കുറിച്ച് സംസാരിച്ചിരിക്കും. ചിലപ്പോൾ ഇടശ്ശേരിയും ഉണ്ടാവും. ഒരു ദിവസം വൈകുന്നേരം വാരിയർ കുളിക്കാൻ ഇറങ്ങുമ്പോൾ ഞാനും കൂടെക്കൂടി. എന്റെ ഭാവിയെക്കുറിച്ച്, ഞാൻ എന്തായിത്തീരാം? എന്ന് പരുങ്ങി പരുങ്ങി അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം എന്തോ ഒരു ശ്ലോകം ചൊല്ലി — "കുമ്പാരനാവും" എന്ന് തന്റെ സഹജമായ കൃത്രിമ പുഞ്ചിരിയോടു കൂടി പറഞ്ഞു. ഞാൻ ഇളിഭ്യനായി. പക്ഷേ ഉടൻതന്നെ ഞാൻ ആ ചമ്മലിൽനിന്ന് പുറത്തുചാടി. 'കുമ്പാര'നെന്ന വാക്ക് ശകാരപ്പേരല്ല, മിറിച്ച് ശില്പിയായിത്തീരുമെന്നാണ് വാരിയർ ഉദ്ദേശിച്ചതെന്ന തിരിച്ചറിവ് എന്നെ ആഹ്ലാദഭരിതനാക്കി.

കലയെപ്പറ്റി മുത്തിരിങ്ങോട്, പത്മനാഭൻതമ്പി, ദേവൻ തുടങ്ങിയവർ ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. 'ഉണ്ണിനമ്പൂതിരി'യിലോ 'യോഗക്ഷേമ'ത്തിലോ മറ്റോ വന്ന ഒരു ലേഖനമാണ് ആദ്യം വായിച്ച കലാസാഹിത്യം എന്നാണ് ഓർമ്മ. കെ.സി.എസ്. പണിക്കർ അക്കാലത്ത് ജയകേരളത്തിൽ നന്തനാരുടെ കഥക്ക് വരച്ച ഒരു ചിത്രീകരണം എന്നെ വല്ലാതെ ആകർഷിച്ചു. മദ്രാസ്സിൽ പോകണം, സ്കൂൾ ഓഫ് ആർട്സിൽ ചേരണം. തീരുമാനമെടുത്തു. ഏട്ടനോടു പറഞ്ഞു. എസ്.എസ്.എൽ.സി.യെങ്കിലും പാസ്സാവാതെ പോകുന്നത് നല്ലതല്ല എന്നാണ് ഏട്ടന്റെ മതം.

ബോംബേയിലെ ജെ.ജെ.സ്കൂൾ ഓഫ് ആർട്സ് മനസ്സിലുണ്ടായിരുന്നു. പ്രോസ്പെക്ടസുകൾ വരുത്തി വാസ്തുശില്പത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് ഏകദേശധാരണയുണ്ടാക്കി. ജെ.ജെ.യിൽ ചേർന്നാലോ? ബോംബേക്ക് പോകുന്നെങ്കിൽ പല പ്രശ്നങ്ങളുമുണ്ട്. നാട്ടിൽ നിന്നുള്ള അധികദൂരം. താമസച്ചെലവും സ്കൂൾ ഫീസും മദ്രാസ്സിനേക്കാൾ വളരെ കൂടുതൽ. അഡ്മിഷന് സഹായിക്കുവാൻ പരിചയക്കാരും അവിടെ ഇല്ല. മദ്രാസ്സിലാവട്ടെ കെ.സി.എസ്. പണിക്കർ ഉണ്ട്. അദ്ദേഹത്തിനോടും നമ്പൂതിരിയോടും പറഞ്ഞ് കാര്യം സാധിക്കാൻ പ്രയാസമില്ലതാനും. എന്തായാലും പ്രവേശനപരീക്ഷ പാസ്സാവണം. അത് എന്റെ കയ്യിലാണ്. പേടിക്കാനില്ല.

അങ്ങനെ 1956 ൽ മദ്രാസ്സിലെത്തി. ആദ്യത്തെ നീണ്ട തീവണ്ടിയാത്രയായിരുന്നു അത്. കുഞ്ഞുണ്ണി ഏട്ടൻ കൂടെ വന്നു. സാഹിത്യകാരൻ ശരത്കുമാർ താമസിച്ചിരുന്ന ലോഡ്ജിൽ പെട്ടിയിറക്കി. മലയാളിയായിരുന്ന ശരത്കുമാറിന് പുറമേ മറ്റു സാഹിത്യകാരന്മാരും കലാകാരന്മാരും അന്ന് മദ്രാസ്സിൽ ഉണ്ടായിരുന്നു. എം. ഗോവിന്ദൻ, എം.പി. ശങ്കുണ്ണിനായർ, പവനൻ, ഡോ.കൃഷ്ണപിള്ള, കെ. പത്മനാഭൻ നായർ, ശാന്ത പി.നായർ, പി. ഭാസ്ക്കരൻ, വി.അബ്ദുള്ള, ഉമ്മർ തുടങ്ങിയവരുമായി ഒരു പരിചയവലയം സൃഷ്ടിക്കാൻ അവസരം കിട്ടി.

വൈകുന്നേരങ്ങളിൽ എം.ഗോവിന്ദന്റെ വീട്ടിൽ പോവുക നിത്യസംഭവമായിരുന്നു. ഗോവിന്ദൻ പല പുസ്തകങ്ങളും വായിക്കാൻ തന്നു. അവയിൽ ഏറ്റവുമെന്നെ ആകർഷിച്ചത് ലിയോണാർ ഡോ ഡാവിൻചിയുടെ ഡയറിക്കുറിപ്പുകൾ ആണ്. അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളുടെയും മറ്റു നിത്യോപകരണങ്ങളുടെയും ചിത്രീകരണങ്ങൾ നിറഞ്ഞ ചെറിയൊരു പുസ്തകമായിരുന്നു അത്. വളരെ നേർമ്മയുള്ള കടലാസ്സിൽ കുനകുനുന്നനെ അച്ചടിച്ച നല്ല കട്ടിയുള്ള ചെറിയ പുസ്തകം. 500 ഓളം പേജുകളുള്ള, ഒരു സോപ്പുപെട്ടിയുടെ വലിപ്പം മാത്രമുള്ള ഒരു പുസ്തകം. എം.എൻ.റോയ്, നീച്ചെ, വിക്ടർയൂഗോ, ടോൾസ്റ്റോയ്, പേൾ എസ്സ്. ബക്, വില്യം സരോയൻ ഇവരെയെല്ലാം എന്റെ വായനയിലേക്കും ചിന്താമണ്ഡലത്തിലേക്കുമെത്തിച്ചത് ഗോവിന്ദനുമായുള്ള സമ്പർക്കമാണ്. പുറമെ മറ്റു എണ്ണമറ്റ യൂറോപ്യൻ കലാകാരന്മാരേയും അറിയുവാൻ അവസരം കിട്ടി. എന്നെ ഗോവിന്ദന്റെയും, ശരത്കുമാറിന്റെയും കയ്യിലേല്പിച്ച് കുഞ്ഞുണ്ണിഏട്ടൻ തിരിച്ചുപോയി.

ലോഡ്ജിൽ ഏഴെട്ടുപേരുണ്ടായിരുന്നു. അപരിചിതർ എല്ലാവരും കൂടിയുള്ള കൂട്ടുജീവിതം. നാട്ടിൽ നിന്ന് വന്ന ഒരു വെപ്പുകാരൻ ഭക്ഷണം തയ്യാറാക്കും. കാലത്ത് ചായ - തുടർന്ന് പ്രാതൽ. ഉച്ചയ്ക്ക്

ഊണ്. അഞ്ച് മണിക്കു കാപ്പി. രാത്രി അത്താഴം. ഇതാണ് പതിവ്. ഉച്ചയ്ക്ക് ഭക്ഷണത്തിന് വരാൻ കഴിയാത്തവർക്ക് ക്യാരിയറിൽ ആപ്പീസിലേക്കെത്തിക്കും. ഒരു ആയ കാലത്തെത്തി വീടും പടിയും അടിച്ചുവാരി വൃത്തിയാക്കും. വസ്ത്രങ്ങൾ കഴുകിത്തരും. വളരെ അധികം വസ്ത്രങ്ങൾ കഴുകാനുണ്ടെങ്കിൽ ധോബി ആഴ്ചയിലൊരിക്കൽ അലക്കിക്കൊണ്ടുവരും. പാൽ എന്നൊരു നീട്ടി വിളിയോടെ പാൽക്കാരൻ എരുമയുമായി കാലത്തെത്തും. ഒരു കയ്യിൽ പാൽ കറക്കാനുള്ള പാത്രം. ഒരു ചത്ത കന്നുകുട്ടിയുടെ തോലിൽ വൈക്കോൽ കുത്തിനിറച്ചുണ്ടാക്കിയ ഒരു പാവയും കൂടെ കാണും. പാവയെക്കൊണ്ട് എരുമയുടെ അകിട്ടിൽ നാലഞ്ചുതവണ ഉരക്കണം. എങ്കിലേ പാൽ ചുരക്കുകയുള്ളു. പാൽപ്പാത്രം കമിഴ്ത്തിപ്പി ടിച്ച് ഒരു വീശലാണ്. അതിൽ വെള്ളം ഇല്ലെന്ന് കാണിക്കുവാൻ! പക്ഷേ പാത്രത്തിൽ അപ്പോഴും വെള്ളം ഉണ്ടാവും.

ആർട്സ് സ്കൂൾ അടുത്തുതന്നെയായിരുന്നു. പുരശുവാക്കത്തുനിന്ന് എഗ്മോറിലേക്കു ബസ്സുകയറിയാൽ പത്തു മിനിട്ടുകൊണ്ടെത്താം. കാശില്ലാത്തപ്പോൾ നടക്കുകയുമാവാം.

**റോയ്ചൗധരിയും കെ.സി.എസും മറ്റും**

ഡി.പി. റോയ്ചൗധരിയായിരുന്നു അന്ന് ആർട്സ്സ്കൂളിന്റെ പ്രിൻസിപ്പാൾ. കെ.സി. എസ്. അന്ന് വൈസ് പ്രിൻസിപ്പാളും. പ്രവേശനപരീക്ഷ വലിയ മോശമല്ലാതെ പാസ്സായി. മദ്രാസികളല്ലാത്തവർക്ക് എല്ലാംകൂടി പന്ത്രണ്ട് സീറ്റോ മറ്റോ മാത്രമേ ഉള്ളു. അതിൽ രണ്ട് പേർക്ക് ഡബിൾ പ്രമോഷന് സാദ്ധ്യതയുണ്ടായിരുന്നു. ഒരു ഡബിൾ പ്രമോഷനോടുകൂടി എനിക്കതിൽ കയറിക്കൂടാൻ കഴിഞ്ഞു. ആറ് കൊല്ലത്തെ കോഴ്സ് നാല് കൊല്ലംകൊണ്ട് പൂർത്തിയാക്കാൻ പറ്റി.

കാലത്ത് പത്ത് മണിമുതൽ ഒരു മണിവരെ ലൈഫ്സ്റ്റഡി ഡ്രോയിങ്ങ്. രണ്ടുമുതൽ നാല് വരെ കോമ്പോസിഷൻ (പെയിന്റിങ്ങ്). ഇതായിരുന്നു രണ്ടുകൊല്ലത്തെ സിലബസ്സ്. രാംഗോപാലായിരുന്നു ആദ്യത്തെ അദ്ധ്യാപകൻ. തുടർന്ന് ധനപാൽ. അവസാനത്തെ അഡ്വാൻസ് പെയിന്റിങ്ങ്ക്ലാസ്സ്. റോയ് ചൗധരി അപൂർവ്വമായേ ക്ലാസ്സുകൾ സന്ദർശിച്ചിരുന്നുള്ളു. ഒരു കൊടുങ്കാറ്റുപോലെ വന്ന് അഞ്ചോ പത്തോ മിനിട്ട്, രണ്ടുമൂന്ന് വിദ്യാർത്ഥികളുടെ പഠനങ്ങളിൽ അങ്ങിങ്ങ് ചില തിരുത്തുകൾ ചെയ്തിട്ട് പോകും അത്രതന്നെ. സ്കൂളിന്റെ അനെക്സിലുള്ള പുരയിൽ താമസം. മറുഭാഗത്ത് അദ്ദേഹത്തിന്റെ സ്റ്റുഡിയോ. ഇവയ്ക്കു ഇടയിലുള്ള പോക്കുവരവ് സമയത്ത് മാത്രമേ അദ്ദേഹത്തെ കാണാനൊക്കു. വരിക്കാശ്ശേരി കൃഷ്ണൻനമ്പൂതിരി, അടിയോടി, തോട്ടക്കാരൻ, ഈ മൂന്നു പേരാണ് മിക്കപ്പോഴും അദ്ദേഹത്തിന് ചുറ്റും .വിദ്യാർത്ഥികൾക്ക് അദ്ദേഹത്തേക്കാൾ പരിചയം അദ്ദേഹത്തിന്റെ വീട്ടുവരാന്തയിൽ ശുശ്രൂഷിച്ചു സൂക്ഷിച്ചിരുന്ന ഒരു കൂനൻ വൃക്ഷമാണ് –ബോൺസായി. അന്നതൊരു കൗതുകമുള്ള കാഴ്ചയായിരുന്നു.

ചൗധരി വിരമിച്ചു. കെ.സി.എസ്. പ്രിൻസിപ്പാളായി. വിദ്യാലയത്തിലെ അന്തരീക്ഷവും, മുഖച്ഛായയും പതുക്കെപ്പതുക്കെ മാറാൻ തുടങ്ങി.

ഫൈൻ ആർട്സ് വിഭാഗത്തിൽമാത്രമല്ല മാറ്റങ്ങൾ ഉണ്ടായത്. പണിക്കർ ക്രാഫ്റ്റ് വിഭാഗവും പുനരുദ്ധരിച്ചു. അന്നുമുതൽ ക്രാഫ്റ്റ് വിഭാഗത്തിലെ വിദ്യാർത്ഥികളുടെ രചനകളും പ്രദർശനത്തിനെത്തി. ക്രാഫ്റ്റിന്റെ തലവൻ ഒരു ബാലകൃഷ്ണൻമാസ്റ്ററായിരുന്നു. അദ്ദേഹത്തിന്റെ നിസ്സഹകരണം പണിക്കരെ ബുദ്ധിമുട്ടിച്ചു.

അവഗണിക്കപ്പെട്ട നിലയിലായിരുന്നു ക്രാഫ്റ്റ് വിഭാഗത്തിന്റെ അന്നത്തെ സ്ഥിതി. അതിലെ വിദ്യാർത്ഥികൾ ഫൈൻആർട്സിലെ വിദ്യാർത്ഥികളുമായി ഇടപെടാറില്ലായിരുന്നു. ചിത്ര ശില്പങ്ങളെപ്പോലെത്തന്നെ ക്രാഫ്റ്റും പ്രദർശനവിധേയമാക്കി മാറ്റിയതോടെ ക്രാഫ്റ്റ് വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും, ഉത്സാഹവും വർദ്ധിച്ചു. ഫർണിച്ചർ വിഭാഗത്തിൽ നിന്ന് ആധുനിക ഡിസൈനുകൾ വന്നു തുടങ്ങി. സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവ കൊണ്ടുള്ള ആഭരണങ്ങൾ പുതുമയും കലാഭംഗിയും നിറഞ്ഞവയായി.

പി.എൻ.മേനോനും കുഞ്ഞിരാമനും (കാനായി) പ്രഭാകരവാരിയരും പിഷാരടിയും കൂടി മാമ്പലത്ത് ഒരു ലോഡ്ജിൽ താമസിച്ചിരുന്നു. കുഞ്ഞിരാമനൊഴികെ മറ്റുള്ളവർ സിനിമ നിർമ്മിക്കാനുള്ള മോഹം കൊണ്ട് എരിപൊരി കൊള്ളുകയായിരുന്നു. പ്രഭാകരവാരിയർ ഒരു കോളേജ് വിദ്യാർത്ഥിയും. കുഞ്ഞി

രാമൻ ഒരു നോട്ടുപുസ്തകം കക്ഷത്തിൽ വെച്ച് തലകുനിച്ച് സ്കൂളിലേക്കു പോകും. പി.എൻ. മേനോൻ പുസ്തകങ്ങളുടെ കവർ ഡിസൈൻ ചെയ്ത് പിഴച്ചുപോന്നു. പിഷാരടി കാലത്തിറങ്ങി നഗരം ചുറ്റും, നടനും ഡയറക്ടറുമാവാനുള്ള വഴികൾ തേടി. അദ്ദേഹമിപ്പോൾ എവിടെപ്പോയോ ആവോ? കുഞ്ഞിരാമൻ പ്രശസ്തശില്പിയായി. പ്രഭാകരവാരിയർ മദ്രാസ് യൂണിവേഴ്സിറ്റിയിൽ മലയാളം പ്രൊഫസറായി. പി.എൻ. മേനോൻ പുസ്തകച്ചട്ട വരയ്ക്കുന്നത് കാണാനായി ചിലപ്പോഴൊക്കെ ഞാനവിടെ പോകാറുണ്ടായിരുന്നു. പിന്നീടദ്ദേഹം സിനിമാലോകത്ത് തെളിഞ്ഞല്ലോ.

ആർട്ടിസ്റ്റ് ഹാൻഡിക്രാഫ്റ്റ് അസോസിയേഷൻ രൂപീകരിച്ച് മദ്രാസ് ലളിതകലാ അക്കാഡമിയിൽ പ്രവർത്തനം ആരംഭിച്ചു. എം.വി. ദേവനായിരുന്നു അന്ന് അക്കാഡമിയുടെ സെക്രട്ടറി. കലാവിദ്യാർത്ഥികൾ വൈകുന്നേരം പള്ളിക്കൂടം വിട്ടാൽ അവിടെ എത്തും. ബാത്തിക് ചെയ്തും വരച്ചും പാട്ടുകൾ പാടിയും പ്രേമിച്ചും സായങ്കാലങ്ങൾ സജീവമാക്കിയിരുന്നു.

പകൽ അക്കാഡമി ഓഫീസ്സായി പ്രവർത്തിച്ചിരുന്നു. വൈകുന്നേരമായാൽ ഇളകിയ കടന്നൽകൂടു പോലെയാണ്. കേളേജിൽ നിന്ന് ബാത്തിക് ചെയ്യാൻ വരുന്ന പിള്ളേര് രാത്രി വളരെ വൈകുന്നതുവരെ അവിടെ തങ്ങും. ചിലപ്പോൾ മിക്കവരും അവിടെ കിടന്ന് ഉറങ്ങും. ദേവൻ പകൽ സെക്രട്ടറിയും വൈകുന്നേരം ചിത്രകാരനും. ജയപാലപ്പണിക്കർ, വാസുദേവൻ, അരണാവാസ്, നമ്പൂതിരി, വിശ്വനാഥൻ, പരമശിവം, വെങ്കിടാപതി, ഭാസ്കരൻ, കന്തസ്വാമി, വരദരാജൻ, രാമാനുജം അങ്ങിനെ പലരും അവിടെ നിത്യസന്ദർശകരായിരുന്നു. പീറ്റർ ക്യാമറയുമായി ചിലപ്പോളെല്ലാം ചുറ്റിപ്പറ്റി കൂടാറുണ്ട്.

ബാത്തിക്കിന്റെ പണിക്ക് സഹായിയായി പലരും ഉണ്ടായിരുന്നു. റെഡ്ഡ്യാരാണ് ഏറ്റവും കൂടുതൽ കഷ്ടപ്പെട്ടത്. ഭ്രാന്താശുപത്രിയിൽനിന്ന് ഒരന്തേവാസിയെ കെ.സി.എസ്സും മറ്റു രണ്ട് പേരും കൂടി അവിടെ കൊണ്ടുവന്നാക്കി. ഏതെങ്കിലും ചെയ്യാവുന്ന ജോലികൊടുത്ത് ആ നരകത്തിൽ നിന്ന് രക്ഷിക്കാം എന്ന് കെ.സി.എസ്. പണിക്കർക്ക് തോന്നി. ഭ്രാന്താലയങ്ങളിൽ ചെന്ന് പെടുന്നവർക്ക് മോചനമെന്നൊന്ന് ഇല്ല. പലപ്പോഴും അന്തേവാസികളുടെ ക്രൂരതയും, മർദ്ദനങ്ങളുംകൊണ്ട് ഭ്രാന്തില്ലാത്തവനും ഭ്രാന്തു പിടിക്കും.

അക്കാലത്ത് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ഒരു പുതിയ ശ്രമമെന്ന നിലയ്ക്ക് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജു ചെയ്യുന്നവരെ ഏറ്റെടുക്കുവാൻ ആരെങ്കിലും തയ്യാറാവുമോ എന്ന അന്വേഷണത്തിന്റെ ഫലമായിട്ടാണ് ഈ അന്തേവാസികളിവിടെ എത്തിയിരുന്നത്. കെ.സി.എസ്സായിരുന്നു ഈ പദ്ധതിക്ക് മുൻകയ്യെടുത്തത് എന്നാണെന്റെ ഓർമ. ഒരു ദിവസം കെ.സി.എസ്. ഒരന്തേവാസിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്ത് അക്കാഡമിയിൽ കൊണ്ടുവന്നു. ഒരു ചെറുപ്പക്കാരൻ മലയാളി. ഞങ്ങളുടെയൊക്കെ പ്രായം തന്നെ. ബധിരനായിരുന്നു. മൂകനും. കുറച്ചുമാസങ്ങൾ അവൻ നന്നായി ജോലി ചെയ്തു. പിന്നെ അപ്രത്യക്ഷനായി.

**ചോളമണ്ഡലം**

ഒടുവിൽ ഞാൻ പെയിന്റിങ്ങിൽ ഡിപ്ലോമ എടുത്തു. ഒരു കൊല്ലം ശില്പകല പഠിച്ചു. സെറാമിക്കും ഒപ്പം പഠിച്ചു. കെ.സി.എസ്. പണിക്കരാണെന്നെ 'ഉപനയി'ച്ചത്. മദ്രാസിൽ "എത്തിരാജ് കോളേജിൽ" കുറച്ചുകാലം ബാത്തിക് പഠിപ്പിച്ചു. അവിടവിടെയായി ചില വ്യക്തികൾക്ക് പെയിന്റിങ്ങ് ട്യൂഷൻ കൊടുത്തുവന്നു. ചിത്രങ്ങൾ വിൽക്കാൻ തുടങ്ങിയിരുന്നെങ്കിലും അതുകൊണ്ട് മാത്രം നിത്യവൃത്തി അസാധ്യമായിരുന്നു. ഡിപ്ലോമ കിട്ടി പുറത്തുവന്ന വിദ്യാർത്ഥികൾ ജീവിതമാർഗ്ഗം തേടി കിട്ടുന്ന ജോലിയിൽ പ്രവേശിച്ചുവന്നു; ക്രമേണ ഇച്ഛാശക്തി കെട്ടണഞ്ഞ് ജീവിതോന്നം തെറ്റിത്തിരിഞ്ഞ് എവിടെയോ അപ്രത്യക്ഷരാവുന്നു. ഇതിനൊരു പോംവഴിയായി കെ.സി.എസ്. അന്നൊരു പദ്ധതിവിഭാവനം ചെയ്തു. അതിപുരാതനമായ ഒരു ടെക്സ്റ്റൈയിൽ ഡിസൈൻരീതി ഇവിടെയുണ്ടായിരുന്നു. ബാത്തിക് എന്നാണ് വിളിച്ചുവരുന്നത്. ഒരുപക്ഷേ ഇൻഡോനേഷ്യയിൽ നിന്ന് വന്നതാവാം. നമ്മുടെ പരമ്പരാഗതമായ വസ്ത്രധാരണത്തിൽ ബാത്തിക്ക് വസ്ത്രങ്ങൾ കണ്ടിരുന്നില്ല. ഈ ബാത്തിക്കിന്റെ സാങ്കേതിക വശവും ആരും അറിഞ്ഞിരുന്നില്ലെന്നുതന്നെ പറയാം. മദ്രാസ് സ്കൂൾ ഓഫ് ആർട്സ് ആന്റ് ക്രാഫ്റ്റ്സ് എന്ന സ്ഥാപനത്തിൽ അതു പഠിപ്പിച്ചിരുന്നു. അന്ന് ഈ സ്കൂൾ ചിത്രകലയ്ക്ക് അത്ര പ്രാധാന്യം നല്കിയിരുന്നില്ല. ഡി.പി.റോയ്ചൗധരി പ്രിൻസിപ്പാൾ ആയപ്പോഴാണ് ചിത്രശില്പകലകൾക്ക്

പ്രത്യേക സ്ഥാനം ലഭിച്ചത്. ഇല്ലെങ്കിൽ അതിന്നും വെറും ക്രാഫ്റ്റ്സ്കൂൾ (ആശാരിപ്പണി, കരുവാൻ പണി, തട്ടാൻപണി, തോൽപ്പണി, എൻഗ്രേവിങ്ങ്) മാത്രമായിപ്പോയേനെ. റോയ്ചൗധരിക്ക് ശേഷം കെ.സി.എസ്. പണിക്കർ പ്രിൻസിപ്പാളായപ്പോൾ ആധുനിക ചിത്രകലയും പൂത്ത് പന്തലിച്ചു.

വിദ്യാഭ്യാസമില്ലാത്ത, മറ്റെവിടേയും ചേർന്നു പഠിക്കാൻ സാദ്ധ്യമാവാത്ത കുട്ടികളാണ് ഇവിടെ അധികം എത്താറുണ്ടായിരുന്നത്. പലർക്കും പരമ്പരാഗതമായ തൊഴിൽ പഠിക്കുവാനുള്ള ഏക സ്ഥാപനമായിരുന്നു ഇത്. ഇവിടത്തെ അദ്ധ്യാപകർ, അന്ന് ഗുരുകുല വിദ്യാഭ്യാസത്തിന്റെ ചീത്തവശ ങ്ങൾ മാത്രം കാത്തുസൂക്ഷിച്ചിരുന്നവരാണെന്നു തോന്നും. ഈ ബാത്തിക് എന്ന് പറയുന്ന തുണിയിൽ ചെയ്യാവുന്ന ചിത്രപ്പണിവിദ്യ അവിടെ കുറച്ചുകുട്ടികൾക്ക് പഠിപ്പിച്ചുകൊടുത്തിരുന്നു. ഒരു ക്ലാസ്സു തന്നെയുണ്ട് അതിന്നായി. ആ ഗുരുനാഥൻ അതിന്റെ ഗുട്ടെൻസ് മറ്റാർക്കും പറഞ്ഞുകൊടുക്കുകയില്ല.

പണിക്കർ ഒരു സൂത്രം ചെയ്തു. ക്രാഫ്റ്റ് പഠിക്കാനായി ഞങ്ങൾ മൂന്നുപേരെ (ഞാൻ, കന്തസ്വാമി, വരദരാജൻ) ആ ക്ലാസ്സിൽ ചേർത്തു ഒരു കൊല്ലത്തേക്ക്. കുറച്ചുദിവസത്തെ ചുറ്റിത്തിരിയലിനുശേഷം അധ്യാപകനെ മെരുക്കി ബാത്തിക്കിന്റെ ഏതാണ്ടു ചില സാങ്കേതികവശങ്ങൾ വശമാക്കി. കിട്ടിയതും കൊണ്ട് ഞങ്ങൾ ആ ക്ലാസ്സ് വിട്ടു പോന്നു.

ഒരു ആർട്ടിസ്റ്റ്ഹാന്റിക്രാഫ്റ്റ് അസോസിയേഷൻ രൂപീകരിച്ച് അധികാരികളുടെ അനുവാദത്തോ ടെ മദ്രാസ്സ് ലളിതകലാ അക്കാദമിയിൽ ബാത്തിക് ഡിസൈൻ പരീക്ഷിക്കാൻ തുടങ്ങി. കുറച്ചുദിവസ ത്തെ പരീക്ഷണാനന്തരം നിറങ്ങളുടെ ചേരുവയും അവയുടെ കെമിസ്ട്രിയും നല്ലപോലെ മനസ്സിലാ ക്കി. സാരികളാണ് ആദ്യം ചെയ്ത് തുടങ്ങിയത്. അത് മറ്റു എല്ലാത്തരം വസ്ത്രധാരണത്തിനും പറ്റാ വുന്ന തുണിത്തരങ്ങളിലേക്കു പടർന്നു. ഈ അസോസിയേഷന്റെ അംഗങ്ങൾ സമയമുള്ളപ്പോൾ അക്കാഡമിയിൽ വന്ന് സ്വന്തം രൂപസങ്കല്പങ്ങൾ തുണികളിൽ പകർത്തി. ഞങ്ങളുടെ രചന പലരും വന്നു കണ്ടു. കുറേശ്ശ വില്പനയും തുടങ്ങി. ഒരു കൊല്ല ത്തിനുള്ളിൽ അവയുടെ പ്രദർശനം സ്കൂൾ ഓഫ് ആർട്സിൽ നടന്നു. അതൊരു പ്രചോദനമായിരുന്നു. ഏതാണ്ടെല്ലാം വിറ്റുപോയി. അതിന്റെ കലാകാരന്മാർക്ക് അവരവരുടെ ഓഹരി കിട്ടി. പണിക്കർ അവരോട് ബാങ്ക് എക്കൗണ്ട് തുടങ്ങി ഒരു നിശ്ചിതതുക നിക്ഷേപിക്കാൻ ഉപദേശിച്ചു.

ഞങ്ങളുടെ സാന്നിദ്ധ്യം അക്കാഡമിക്ക് താങ്ങാനാവാത്തതിലധികം വലുതായി. സ്വന്തമായ ഒരു സ്ഥലം വേണം. മെമ്പേഴ്സിന്റെ നിക്ഷേപമെല്ലാം കൂട്ടിച്ചേർത്ത് ഒരു സ്ഥലം വാങ്ങണം. മദ്രാസ്സിൽ ചെങ്കൽപ്പെട്ട് പോകുന്നവഴിക്ക് ഒരു പുറംപോക്ക്പറമ്പ് തരാമെന്ന് ഭരണകർത്താക്കൾ പറഞ്ഞു. സൗജ ന്യമായി ഉപയോഗിക്കാം. പക്ഷേ സ്ഥലം എന്നും സർക്കാരിന്റെ പേരിൽ തന്നെയായിരിക്കും. പിന്നെ അവിടെ വെള്ളത്തിന് പ്രശ്നം വന്നേക്കും - ഇത്തരം അസംതൃപ്തികരമായ കാര്യങ്ങൾ കാരണം ഞ ങ്ങൾ അത് സ്വീകരിച്ചില്ല. തുടർന്ന് തിരച്ചിൽ തുടങ്ങി. പാലവാക്കം, കൊട്ടിവാക്കം, നീലാങ്കര അങ്ങിനെ ഇഞ്ചംപാക്കത്ത് എത്തി. ഒരു കർഷകൻ ഏതാണ്ടൊരു ഏക്കർ വിൽക്കാൻ സമ്മതിച്ചു. അസോസിയേ ഷൻ സംഘടിപ്പിച്ച പണം കൊണ്ട് അത് വാങ്ങി. തുടർന്ന് കുറച്ചുദിവസങ്ങൾക്കകം അടുത്തുള്ളതും അതിനടുത്തുള്ള തുമായി ഇപ്പോൾ കാണുന്ന ചോളമണ്ഡലം ആർട്ടിസ്റ്റ് വില്ലേജ് നില്ക്കുന്ന സ്ഥലം മുഴുവനും വാങ്ങി. ആദ്യത്തെ ആ ചെറിയ കഷ്ണം വാങ്ങുന്നതുവരെ ഞാൻ ഈ അസോസിയേഷന്റെ ഭാരവാഹിയായിരുന്നു. ആർട്ടിസ്റ്റ്ഹാന്റിക്രാഫ്റ്റ് അസോസിയേഷൻ, ചോളമണ്ഡലം ആർട്ടിസ്റ്റ് വില്ലേജ് ആയി മാറി. ഞാൻ ഡൽഹിക്കുപോയി. അവിടെ ഫ്രീലാൻസ് ആർട്ടിസ്റ്റായി കെട്ടിത്തിരിഞ്ഞു. എങ്കിലും ഡൽഹിജീവിതം ക്രിയാത്മകമായിരുന്നു.

**പാരീസിലേക്ക്**

ഞാൻ പാരീസിലേക്ക് പോയത് ഒരു ഡിഗ്രിയോ, ഡിപ്ലൊമയോ എടുക്കാൻ മോഹിച്ചിട്ടല്ല. പുതിയ പ്രവണതകളെയും, പുറമേയുള്ള കലാലോകത്തെയും പരിചയപ്പെടൽ മാത്രമായിരുന്നു എന്റെ ഉന്നം.

ഗ്രാഫിക് പഠിക്കണം. അതൊരു ആഗ്രഹമായിരുന്നു. അങ്ങിനെ ഹെന്റി ഗ്യോട്സ്ന്റെ അക്കാഡമി യിൽ ചേർന്നു. അവിടം അത്ര പുതുമയുള്ളതായി തോന്നിയില്ല. വില്ല്യം ഹെയ്റ്ററെക്കുറിച്ചും കൃഷ്ണാ റെഡ്ഡിയെക്കുറിച്ചും കേട്ടിരുന്നു. ഒരു മാസം വില്യം ഹെയ്റ്ററുടെ അത്തലിയേദിസെത്തിൽ ചെലവിട്ടു. അതും വിട്ട് കൃഷ്ണാറെഡ്ഡിയുമായി കൂടുതലടുത്തു. ഹെയ്റ്ററുടെ അത്തലിയേയിൽ അദ്ധ്യാപകനാ

യിരുന്നു കൃഷ്ണാറെഡ്ഡി. പിന്നീട് കുറച്ചുകൊല്ലങ്ങൾ കൃഷ്ണാറെഡ്ഡിയുടെ പ്രൈവറ്റ് അത്തലിയേയിൽ ഒന്നിച്ച് ഗ്രാഫിക് ചെയ്തുവന്നു. അക്കാഡമി ഗ്രാന്റ് ഷോമിയർ, അക്കാഡമി ജൂലിയാൻ എന്നീ സ്ഥാപനങ്ങളിലും ഒന്നു പരീക്ഷിച്ചുനോക്കി. ഇതേസമയം ഫ്രഞ്ച്ഭാഷ പഠിക്കാൻ അലിയാൻസ് ഫ്രാൻസേയിൽ ചേർന്നു. എങ്കിലും മൂന്നു മാസങ്ങളോളം ക്ലാസ്സിൽ പോയിട്ടും അവരുടെ ഒറ്റ പരീക്ഷപോലും പാസ്സാവാത്തതിനാൽ എന്നെ പിടിച്ച് അവർ പുറത്താക്കി എന്നുതന്നെ പറയാം. പഠിക്കാതെ തന്നെ സംസാരഭാഷ എന്നിലേക്ക് ഉന്തിക്കേറി വന്നിരുന്നു. അവസാനമായി എക്കോൾ ദെബോസാർട്ടിൽ ചേരുവാൻ തീരുമാനിച്ചു. പേരുകേട്ടതും പുരാതനവുമായ ഒരു കലാലയമാണിത്. പ്രവേശനം പരീക്ഷയോടെ. ഞാൻ ചേർന്നത് വിസിറ്റിംഗ് വിദ്യാർത്ഥിയായിട്ടാണ്. സ്വന്തം കൃതികളുടേയും മറ്റു പാരിതോഷികങ്ങളുടേയും അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. ഇന്ത്യവിടുമ്പോൾ കയ്യിലെടുത്തിരുന്ന ചിത്രങ്ങൾ അദ്ധ്യാപകന്മാരുടെ മുമ്പിൽ നിരത്തിവെച്ചു. അവരിൽ ഒരാളെങ്കിലും തന്നെ വിദ്യാർത്ഥിയായി അംഗീകരിക്കാൻ താത്പര്യം കാണിച്ചെങ്കിൽ മാത്രമേ പ്രവേശനാർഹനാവൂ. ഓരോ ക്ലാസ്സും ഓരോ പ്രൊഫസറുടെ പേരിൽ അറിയപ്പെടുന്നു. പണിപ്പുര എന്നാണ് പൊതുവേ ഈ ക്ലാസ്സുകളെ പറയുക. നമുക്ക് പ്രത്യേക താത്പര്യമുള്ള ഒരു പ്രൊഫസറുടെ പണിപ്പുര വേണമെങ്കിൽ ആവശ്യപ്പെടാം. പെയിന്റിംഗ്, ശില്പം, ഗ്രാഫിക് എന്നീ മൂന്നു വിഭാഗങ്ങളും അതിൽ തന്നെ അവാന്തരവിഭാഗങ്ങളും ഉണ്ട്. ഇവയിലേതിലെങ്കിലും ഒന്നിൽ പ്രവേശിച്ചുകഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് മറ്റേത് വിഭാഗത്തിൽ വേണമെങ്കിലും മാറിമാറി പരിശീലനം നേടാം. പെയിന്റിംഗ് പണിപ്പുരയിലാണ് ഞാനാദ്യം ചേർന്നത്. ഇതിൽ മോണുമെന്റൽ ആർട്ട്, മൊസൈക്, മ്യൂറൽ എന്നീ വിഭാഗങ്ങൾ ഉണ്ട്. ഇവയിലെല്ലാം പ്രാഥമിക അറിവു കിട്ടിയപ്പോൾ ഗ്രാഫിക്കിലേക്ക് കടന്നു. ഏതാണ്ട് രണ്ടരക്കൊല്ലം അതിനുള്ളിൽ കഴിഞ്ഞു. ഇക്കാലത്തെല്ലാം ഫ്രഞ്ചുഗവർമ്മേണ്ടിന്റെ സ്കോളർഷിപ്പ് കിട്ടിയിരുന്നു.

ഇവിടത്തെ സ്കൂളുകളിൽ (പ്ലസ് ടു കഴിയുന്നതുവരെയുള്ള) വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കാന്റീനിൽനിന്ന് കഴിക്കാം. ചില രക്ഷിതാക്കൾക്ക് കുട്ടികളെ വീട്ടിലേക്ക് കൊണ്ടുവന്ന് ഭക്ഷണം കൊടുക്കുവാനാണ് താത്പര്യം; പ്രത്യേകിച്ചു ചെറിയ കുട്ടികളെ. സർവ്വകലാശാലയിലെത്തിയാൽ ഈ സമ്പ്രദായം മാറും. കോളേജുകളുടെ അടുത്ത് പലയിടത്തും സർവ്വകലാശാല റെസ്റ്ററാന്റുകളുണ്ട്. വിദ്യാർത്ഥികൾക്ക് അവർക്ക് പ്രിയപ്പെട്ട റസ്റ്റോറണ്ടിൽ പോയി ഭക്ഷണം കഴിക്കാം. അത് അവർക്ക് വൈവിധ്യം നിറഞ്ഞ ഭക്ഷണവിഭവങ്ങൾ രുചിക്കുവാൻ അവസരമുണ്ടാക്കുന്നു. വിദ്യാർത്ഥി എന്ന തിരിച്ചറിയൽ കാർഡ് വേണമെന്നേ ഉള്ളു ഈ സ്ഥാപനങ്ങ ളിൽനിന്ന് ഭക്ഷിക്കാൻ. സാമാന്യമായി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും ഇവിടങ്ങളിൽനിന്ന് ഭക്ഷണം കഴിക്കാൻ അവകാശമുണ്ട്. വളരെ തുച്ഛമായ ഒരു സംഖ്യ മാത്ര മേ ഇതിന് ഈടാക്കാറുള്ളു. അതന്നവിടത്തെ ഒരു ബസ്സ് ടിക്കറ്റിന് വേണ്ട സംഖ്യക്കു തുല്യം. പ്രാതലും ഉച്ചഭക്ഷണവും, അത്താഴവും ഇവിടെ വിളമ്പുന്നു. സ്കോളർഷിപ്പു പണം ഒന്നാം തീയതി കൃത്യമായി കയ്യിൽ കിട്ടുന്നു. ഉടൻ ഒരു മാസത്തേക്കുവേണ്ട കൂപ്പണുകൾ വാങ്ങിവെച്ചില്ലെങ്കിൽ രണ്ടോ മൂന്നോ ആഴ്ചകളോടെ പോക്കറ്റ് കാലിയാകും. പലപ്പോഴും ഒന്നോ രണ്ടോ ടിക്കറ്റുകൾ സുഹൃത്തുക്കളോട് കടം വാങ്ങേണ്ടിവരാറുണ്ട്.

പ്രദർശനത്തിനുള്ള അവസരം തേടി നിരവധി ഗ്യാലറികളിൽ കേറിയിറങ്ങി. അതവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കാനും, കലയുടെ ഗതിവിഗതികൾ കണ്ടറിയുവാനും സഹായിച്ചു. കലാപ്രേമികളേയും, കലയേയും ആണ് തേടിനടന്നത്. കലാകാരന്മാരെ പരിചയപ്പെടണമെന്ന മോഹം കുറവായിരുന്നു. സായാഹ്നങ്ങളിൽ ബാറുകളിലും, കഫേകളിലും വെച്ചും പ്രദർശനോദ്ഘാടനവേളകളിലും,അന്ന് പ്രസിദ്ധന്മാരായിരുന്നവരോടും, ഭാവിയിൽ പ്രസിദ്ധി നേടാവുന്നവരോടും കുശലം പറയുവാനും സൗഹൃദം പുലർത്തുവാനും കഴിഞ്ഞു.

മദ്രാസ്സിൽ നടന്ന ഒരു ഫ്രഞ്ച് ഡക്കറേറ്റീവ് ആർട്ട് പ്രദർശനഭാരവാഹിയായി എത്തിയ ജാനിൻ ഒബോയേയുമായുള്ള പരിചയം കലാലോകത്തേക്ക് ഒരു തുറവുകിട്ടുവാൻ പര്യാപ്തമായി. അവർ പരിചയപ്പെടുത്തിത്തന്ന ചില വ്യക്തികളിൽ കൂടിയാണ് പിന്നീട് പല ഗ്യാലറികളിലേയും പ്രദർശനപരമ്പരകൾക്ക് വഴിവെച്ചത്. ഒരു ഉന്ത് കിട്ടുന്നത് പലപ്പോഴും ഒരാശ്വാസമാണ്.

**ആദ്യപ്രദർശനം**

1969 ൽ എന്റെ ആദ്യത്തെ പ്രദർശനം നടന്നു. പാരീസിൽ വന്ന് ഒരു കൊല്ലത്തിന് ശേഷം. അപ്പോഴേ

ക്കും എന്റെ ചിത്രങ്ങൾ മാറിയിരുന്നു. ഫ്രാൻസിൽ എത്തുന്നതിന് മുമ്പ് ചെയ്തിരുന്ന നഗരദൃശ്യങ്ങൾ, ചർച്ചുകൾ, പ്രകൃതിദൃശ്യങ്ങൾല മനുഷ്യരൂപങ്ങൾ എന്നിവയെല്ലാം - കണ്ണുകൊണ്ട് കാണാവുന്ന ദൃശ്യങ്ങൾ - ചിത്രതലത്തിൽ നിന്ന് പോയി. കാണാത്തതിനെ കാണിക്കുവാനുള്ള സൃഷ്ടികളായി ഇപ്പോൾ. അന്നവിടെ കണ്ട ചിത്രപ്രദർശനങ്ങൾ എനിക്കീ ഉണർവു തന്നു. എടുത്തുപറയാവുന്ന അവയിൽ ഒന്ന് 'വോൾസ്' (വോൾഫ് ഗാങ്) എന്ന ഒരു ജർമ്മൻ കലാകാരന്റെ ചിത്രങ്ങളിലായിരുന്നു. ഇതൊരു പ്രചോദനമായി. മറ്റൊന്ന് രവികുമാർ സംഘടിപ്പിച്ച അജിത് മുഖർജിയുടെ തന്ത്രകല എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രദർശനമായിരുന്നു. Le Point Cardinal എന്നായിരുന്നു ഗ്യാലറിയുടെ പേർ. നല്ല ആഭിജാത്യമുള്ള ഒരു ഗ്യാലറിയായിരുന്നു അത്.

ഇതിനിടയ്ക്ക് പണിക്കരുടെ എഴുത്തുകളും വിശ്വനാഥനുമായിട്ടുള്ള സംവാദങ്ങളും നൂതനചിന്താഗതി തുറന്നുവിട്ടു. ദേശീയം എന്ന ആശയം. പണിക്കർ പറയാറുള്ളത്, ഭാരതീയ കലയ്ക്ക് മാത്രമേ അന്നത്തെ ആധുനികലോകകലയോട് കിടപിടിക്കാനാവുന്ന ഒരു രൂപവും ഒരു പ്രസ്ഥാനവും നൽകാനാവൂ എന്നായിരുന്നു- അതായത് ഒരു സ്വത്വം കൈവരുത്തുവാൻ. വിശ്വനാഥനും ഏതാണ്ട് ഈ ആശയത്തോട് യോജിപ്പുണ്ടായിരുന്നെങ്കിലും അതിൽ നിന്നും അപ്പുറത്തായിരുന്നു ഉന്നം. പാരീസിലെത്തി അവിടെക്കണ്ട കലാരൂപങ്ങളൊന്നും ഒരു പ്രചോദനമായിരുന്നില്ല. 'നമുക്ക് ഇവരെയെല്ലാം തോല്പിക്കണം' എന്ന ഒരു വെല്ലുവിളിയായിരുന്നു വിശ്വനാഥന്റേത്. അങ്ങിനെ ഞങ്ങൾ ഒരു ഒത്തുതീർപ്പിലെത്തി. വിശ്വനാഥന്റെ അന്നത്തെ ചിത്രങ്ങൾ - പാരീസ്സിൽ നിന്ന് ചെയ്തവ - ഫിഗറേഷൻ പോയ്പോയി അമൂർത്തചിത്രങ്ങളായി മാറി. അതിൽ താന്ത്രികരൂപങ്ങളുടെ ആവിഷ്കാരമുണ്ടായിരുന്നു. ധ്വനി ഉണ്ടായിരുന്നു. എന്റെ ചിത്രങ്ങളും ആ വഴിയിൽതന്നെയാണ് പോയിരുന്നത്. എന്നെ വിശ്വനാഥൻ സ്വാധീനിച്ച കുറെ നാളുകളുണ്ടായി. പക്ഷേ കാലംകൊണ്ട് ഞാൻ അവയിൽ നിന്ന് വേർതിരിഞ്ഞു. അക്കാലത്ത് എന്റെ ചിത്രങ്ങൾക്ക് വിശ്വനാഥന്റേതുമായി നല്ല സാമ്യം ഉണ്ടായിരുന്നു. കെ.സി.എസ്. എഴുതി: "മുന്നു ചിത്രങ്ങളും എഴുത്തും കിട്ടിയെന്ന് വിശ്വനാഥനോട് പറയൂ. എന്താണ് നിങ്ങൾ രണ്ടുപേരും ഒരേതരം ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങിയിരിക്കുന്നത്? ഈ ആറ് ചിത്രങ്ങളിൽ നിന്ന് ഏത് ആരുടെ എന്ന് എനിക്ക് തിരിച്ചറിയുവാൻ വിഷമം. എന്തായാലും നിന്റെ ചിത്രങ്ങൾ എനിക്കിഷ്ടപ്പെട്ടു. Exquisite Quality ഉണ്ടവയ്ക്ക്. പക്ഷെ, അമേരിക്കയുടെ ചിത്രത്തിന്റെ വലിപ്പം എന്ന പുതിയ കണ്ടുപിടിത്തത്തെ എങ്ങിനെ നേരിടാനാവും? അല്ലെങ്കിൽ നിങ്ങൾ നിങ്ങളുടേത് ഒരു Re-discovery of Miniature എന്ന് വിളിക്കേണ്ടി വരും." (കെ.സി.എസ്; 02.12.1969).

ആദ്യത്തെ എന്റെ പ്രദർശനം വെറും പേപ്പർവർക്കുകളായിരുന്നു. നന്നെ ചെറിയതും. ആ പ്രദർശനം വിജയമായിരുന്നു. പ്രത്യേകിച്ചും സാമ്പത്തികമായ ആദ്യത്തെ വിജയം, പത്രങ്ങളും അവഗണിച്ചില്ല; ഇന്ത്യൻ എന്ന് പറഞ്ഞ് ഒതുക്കുവാനുള്ള മമത അവയിൽ പ്രകടമായിരുന്നുവെങ്കിലും. എന്തായാലും ആ ചിത്രങ്ങൾ നാമന്ന് കണ്ടുവന്നിരുന്നവയിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.

എന്താണിവിടെ വന്നപ്പോൾ കണ്ടത്? ഇന്ത്യയിലന്ന് കണ്ടുവന്നിരുന്ന കലാരൂപങ്ങളുടെ മുത്തപ്പൻമാരെയല്ലാതെ? ഇമ്പ്രഷനിസം, ക്യൂബിസം, ഡാഡാ തുടങ്ങി അറിയപ്പെട്ടിരുന്ന പ്രസ്ഥാനങ്ങൾ മൂശയായി കഴിഞ്ഞിരുന്നു. പുതിയ പ്രവണതകൾ കാലത്തേയും ചലനത്തേയും ശബ്ദത്തേയും എങ്ങിനെ കലയിലേക്ക് കൊണ്ടുവരാം എന്നായിരുന്നു. ഇലക്ട്രിസിറ്റിയും ഇലക്ട്രോണിക്കും കടന്നുവരുന്ന സമയമായിരുന്നു. Museum of Modern Arts ൽ നടന്ന ഒരു അന്താരാഷ്ട്ര പ്രദർശനത്തിൽ അമൂർത്തം, ജോമട്രിക്കൽ, സിനറ്റിക് എന്നീ വകുപ്പുകളിൽ ഒതുക്കാവുന്ന പ്രവണതയുടെ അലകൾ കണ്ടുതുടങ്ങി. ചിത്രതലത്തിൽ പ്രകാശരശ്മികൾ, ചലനം, ശബ്ദം, പരിതലം എല്ലാം ഉൾക്കൊണ്ടവ. ശില്പങ്ങളാവട്ടെ ചലിക്കുന്നവയും കലശൽ കൂട്ടുന്നവയും. ഇവിടെ വെച്ചുതന്നെ കല എല്ലാ മീഡിയങ്ങളുടേയും ആകെത്തുകയായി മാറിത്തുടങ്ങിയിരുന്നു. പ്ലാസ്റ്റിക് ആർട്ട് എന്ന ഒരു ഓമനപ്പേരും കൊടുത്തു. ശരിക്കു പറഞ്ഞാൽ ഒരു 'കാവോട്ടിക്' പരിതസ്ഥിതിയിലായിരുന്നു കലാലോകമന്ന്.

**സമരച്ചൂടിന് നടുവിൽ**

1968 മേയിലെ ഫ്രെഞ്ച് വിദ്യാർത്ഥിസമരം ഫ്രാൻസിലെ അന്നത്തെ ജനതയെ ശക്തമായി കശക്കി. അത് ഒരു പുതിയ ആശയവ്യഞ്ജനത്തിന് വഴിയൊരുക്കി. അത് പൊതുജനത്തിന്റെ വിപ്ലവമായിരുന്നി

ല്ല. മറിച്ച് ബുദ്ധിജീവികളുടേതായിരുന്നു. നെപ്പോളിയന്റെ കാലത്തു തുടങ്ങിവെച്ച അതേ പഠനസമ്പ്രദായം ഉടച്ചുവാർക്കൽ, ഫ്രഞ്ചുധർമ്മാധർമ്മങ്ങളുടെ ആധുനിക മൂല്യാവിഷ്കരണം! സാമൂഹ്യചട്ടക്കൂട്ടിലെ ആചാരാനാചാരങ്ങളുടെ ഒരഴിച്ചുപണി. സ്ത്രീകൾക്ക് ആണുങ്ങളെപ്പോലെ പാന്റുകൾ ധരിച്ച് പുറത്തിറങ്ങാമെന്നായി. മിനിസ്കർട്ടു ധരിക്കാമെന്നായി. പൊതുവേ വസ്ത്രധാരണരീതിതന്നെ മാറി. അഭിപ്രായസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം അങ്ങിനെ ആകെ ഒരു മാറ്റം ഉണ്ടാക്കുവാൻ ഈ വിദ്യാർത്ഥിസമരം വഴി വെച്ചു.

ഞാൻ അന്ന് Ecole des Beaux Arts ൽ പഠിക്കുകയായിരുന്നു. വിപ്ലവത്തിന്റെ വിത്ത് മുളച്ചുപൊന്തിയത് ഞങ്ങളുടെ ക്ലാസ്സുകളിലാണ്. എന്റെ മുമ്പിൽ വെച്ച് മുളച്ച് പടർന്ന് പന്തലിച്ചതാണെങ്കിലും ഞാനന്നത് കണ്ടില്ല. ഒരു രാത്രി ഊണും കഴിഞ്ഞ് ചില സുഹൃത്തുക്കളുടെ കൂടെ സിനിമ കാണാനിറങ്ങി. മെട്രോയിൽ ലക്സംബർഗ്ഗ് സ്റ്റേഷനിൽ ഇറങ്ങി പുറത്ത് കടന്നപ്പോൾ സി.ആർ.എസ്. (Corps Republican of Security) നെയാണ് ഞങ്ങൾ നേരിട്ടത്. വിദ്യാർത്ഥികളുടെ ഒരു മഹാസമുദ്രം അവിടെ ഉണ്ടായിരുന്നു. റോമക്കാരുടെ കാലത്ത് റോഡിൽ പാകിയ കരിങ്കൽകട്ടകൾ പറിച്ചെടുത്തെറിഞ്ഞുകൊണ്ട്, വിദ്യാർത്ഥികൾ ഒരു ഭാഗത്ത്, സി.ആർ.എസ് അവരുടെ രക്ഷാകവചവും ചുരികയും ലാത്തികളുമായി മറ്റൊരു ഭാഗത്ത് വിദ്യാർത്ഥികളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. ഗത്യന്തരമില്ലാതെ അവർ കണ്ണീർവാതകം പൊട്ടിച്ചു. ജനക്കൂട്ടം ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. എല്ലാ വഴികളും പട്ടാളം അടച്ചിരുന്നു. ഒരു കൂട്ടം ആളുകൾ മെട്രോയിലേക്കിറങ്ങി. ആ തിരക്കിൽ ഞാനും പെട്ടു. കൂട്ടുകാർ എവിടെ പോയോ ആവോ?

പ്ലാറ്റുഫോമിൽ കണ്ട ഒരു വണ്ടിയിൽ (മെട്രോ) കയറിക്കൂടി. ഉടൻ അത് ചലിച്ചു. കുറച്ചു ദൂരം പോയി അവിടെനിന്നു. കറന്റ് അറുത്തു. കട്ടപിടിച്ച അന്ധകാരം. മണിക്കൂറുകൾക്കുശേഷം എല്ലാവരേയും പോലെ ഞാനും കമ്പാർട്ട്മെന്റിൽനിന്ന് ചാടിയിറങ്ങി റെയിലോരത്തു കൂടി നടന്നു. ഒരു സ്റ്റേഷൻ വന്നു. പ്ലാറ്റുഫോമിൽ കയറി. പുറത്തേക്കുള്ള വഴി തേടി നടന്നു. എല്ലാം അടച്ചിട്ടിരുന്നു. കാലത്ത് അഞ്ചാറുമണിയാവണം പുറത്തേക്കുള്ള വഴി തുറക്കുവാൻ. ചൂളിപ്പിടിച്ചിരുന്ന് രാത്രി കഴിച്ചുകൂട്ടി. കൂട്ടിന് ധാരാളം ജനങ്ങളുണ്ടായിരുന്നു. മെയ്മാസമായതുകൊണ്ട് തണുപ്പൊന്ന് കുറഞ്ഞിരുന്നു.

ആദ്യം കോളേജുകൾ ഒന്നൊന്നായി വിദ്യാർത്ഥികൾ പിടിച്ചുവച്ചു. തുടർന്ന് അവ അടച്ചു. പിന്നെ മറ്റു സ്ഥാപനങ്ങളും. അവസാനം ഗതാഗതം നിലച്ചു. ഒന്നുരണ്ട് മാസത്തോളം നീണ്ടു നിന്ന പ്രതിരോധം. നടന്നും വാഹനങ്ങൾക്ക് കൈകാട്ടി നിർത്തി കേറിയും ബൈസിക്കിളിലുമായി ജനങ്ങൾ നിത്യയാത്ര കഴിച്ചുപോന്നു. Metro, Bus, Train ഒരൊറ്റ പൊതുവാഹനങ്ങളും ഓടിയില്ല. പട്ടാളം അത്യാവശ്യയാത്രക്ക് വേണ്ട എമർജൻസി സർവ്വീസ് ഏർപ്പെടുത്തിയിരുന്നു. ആംബുലൻസ്, ഫയർസർവ്വീസ് എല്ലാം മാറ്റമില്ലാതെ തുടർന്നു. എന്നും പോലീസ്സും പൊതുജനങ്ങളുമായി നഗരത്തിന്റെ പല ഭാഗത്തും ഏറ്റുമുട്ടലുകൾ നടന്നു. പക്ഷേ വെടിവെപ്പോ, കത്തിക്കുത്തോ, വെട്ടലോ, കൊലകളോ ഒന്നും ഉണ്ടായില്ല. സമരക്കാരിൽ ഭൂരിഭാഗവും വിദ്യാർത്ഥികൾ തന്നെ. രാഷ്ട്രീയക്കാർ പരോക്ഷമായി പിൻതുണ നൽകിയിരുന്നു. പാരീസിൽ തുടങ്ങിവെച്ച വിപ്ലവത്തിന്റെ അലകൾ യൂറോപ്പിലെ മറ്റു പലരാജ്യങ്ങളിലും ഒരു പുതി യ ഉണർവ്വും ചലനവും സൃഷ്ടിച്ചു.

മേസോൺ ദോ ലാന്റിൽ താമസിക്കുമ്പോൾ ഇന്ത്യയിൽനിന്ന്, പ്രത്യേകിച്ചു കേരളത്തിൽ നിന്ന് പല പരിചയക്കാരും പരിചയമില്ലാത്തവരും എന്നെ സന്ദർശിച്ചിരുന്നു. കാക്കനാടൻ അന്ന് Leipzig ൽ ഉണ്ടായിരുന്നു. പാരീസ് കാണാൻ വന്നു. പ്രഭാകരവാരിയർ വന്നു. ധനലക്ഷ്മി ബാങ്കിലെ മഹാദേവൻ രണ്ട് സഹോദരന്മാരോടുകൂടി കുടുംബസമേതം വന്നു. മലയാള രാജ്യത്തിന്റെ എഡിറ്റർ എസ്.കെ. നായരും ശ്രീമതിയും വന്നുപോയി. സന്ദർശകരായി വരുന്നവർ അവരവരുടേതായ മുൻകൂട്ടി രൂപപ്പെടുത്തിയ ആഗ്രഹങ്ങൾ സഫലീകരിക്കാനാണ് വരുന്നത്. അവ ഒരാളിൽ നിന്ന് മറ്റൊരാളുടേത് വ്യത്യസ്തവും.

കാക്കനാടൻ എഴുത്തുകാരേയും അവരുടെ കൃതികളിൽ രൂപംകൊണ്ട പാരീസിനേയും കാണുവാനാണ് വന്നത്. മഹാദേവനും പാർട്ടിക്കും വേറെ ഒരു മോഹമായിരുന്നു: ഇവിടുത്തെ പ്രസിദ്ധമായ "മൂളാൻ റൂഷ്" കാണണം. 'ഫ്രഞ്ചു കാൻ കാൻ' എന്ന ഒരു നൃത്തസംഗീതം പ്രദർശിപ്പിക്കുന്ന ഒരു കാബറെയാണിത്. ദേഗാസ്, തുളൂസ്ലോത്രക്, സെസാൻ തുടങ്ങി പ്രസിദ്ധ ഫ്രഞ്ച് ഇംപ്രഷനിസ്റ്റ് ചിത്ര

കാരന്മാരുടെ വിഹാരകേന്ദ്രമായിരുന്നു മൂളാൻ റൂഷ് (ചുവന്ന കാറ്റാടി മില്ല്.). ഒരു ദിവസം ഞാൻ അവരെ അവിടെ കൂട്ടിക്കൊണ്ടുപോയി. നല്ല പണച്ചെലവുവരുന്ന ഒരു പരിപാടിയാണ് ഈ കാബറെകൾ. കയറിക്കൂടാൻ ഒരു ടിക്കറ്റ് എടുക്കണം. തുടർന്ന് പാനീയങ്ങൾക്ക് വേറേയും. ഒരു ഗ്ലാസ്സ് ഷാംപെയിൻ വേണമെങ്കിൽ സൗജന്യമായി കുടിക്കാം. ചട്ടം അങ്ങിനെയാണ്, നിർബന്ധമൊന്നുമില്ല. കുടിക്കാനും നഗ്നനൃത്തസംഗീത പരിപാടികൾ രസിച്ച് ആഹ്ലാദിക്കുവാനുമാണ് ഇവിടെ ആളുകൾ വരുന്നത്. അപ്പോൾ മദ്യപാനം ഒരു അനുഷ്ഠാനമായി തീരുന്നു. ഇരുപതും മുപ്പതും സുന്ദരികൾ നഗ്നരോ അർദ്ധനഗ്നരോ ആയി പല ബാലെ പോലെയുള്ള നൃത്തപരമ്പരയോടെ പരിപാടികൾ നീങ്ങുന്നു. ഇടയ്ക്ക് ഒരു മാറ്റത്തിന് വേണ്ടി ചെപ്പടിവിദ്യയോ കോമിക്കുകളോ അക്രോബാറ്റിക് പ്രദർശനങ്ങളോ ഉണ്ടാവാം. ചെറുപ്പക്കാരികളും സുന്ദരികളുമാണ് ഇതിൽ പങ്കെടുക്കുന്നത്. കഷ്ടകാലത്തിന് കാണാൻ കൊള്ളാവുന്ന ആരുംതന്നെ ആ പരിപാടിയിലന്നുണ്ടായിരുന്നില്ല.കുറച്ച് നിരാശയോ ടെതന്നെയാണ് മഹാദേവനും സംഘവും കാബറെ വിട്ടത്. ഇതിലും എത്രയോ മുന്തിയതാണ് - തൃശ്ശൂരിൽ വരൂ - ഞാൻ കാണിച്ചു തരാം... നമ്മുടെ താരങ്ങൾ കാണിക്കുന്ന വികൃതികൾ...! എന്നു പറഞ്ഞാണ് മഹാദേവൻ തിരിച്ചു പോയത്.

മറ്റൊരു സന്ദർശകൻ പ്രഭാകരവാരിയരായിരുന്നു. ഞാൻ അന്ന് സിത്തേദേസാർട്ടിലായിരുന്നു താമസിച്ചിരുന്നത്. വരുന്നവരെല്ലാം നോത്ര ദാം, ഐഫെൽടവർ, മോന്ത് മാർത്യ എന്നിവ ചുറ്റിനടന്ന് കാണുക ലുവ്യ എന്ന മ്യൂസിയം സന്ദർശിക്കുക, സേൻ നദിയിൽ ഒരു സായാഹ്ന ബോട്ട്സവാരി നടത്തുക- ഇതൊക്കെ പരക്കെയുള്ള ചില പരിപാടികളാണ്. അങ്ങിനെ ഓരോരുത്തർ വരുമ്പോഴും അവരവരുടെ രുചിക്കനുസരിച്ച് വിളമ്പികൊടുത്തുപോന്നു.

**സിത്തെ ദെസാർട്ട്**

സിത്തെ ദെസാർട്ട് എന്ന ഒരു അന്താരാഷ്ട്ര സ്ഥാപനമുണ്ട് സേൻ നദിയുടെ വലത്തെ കരയിൽ. ഇത് വിവിധ രാജ്യങ്ങൾ സംഘടിച്ച് ഉണ്ടാക്കിയ ഒരു സ്ഥാപനമാണ്. കലാകാരന്മാർ ക്കുമാത്രമേ ഇവിടെ പ്രവേശനമുള്ളു. ഹ്രസ്വകാലത്തേക്ക് റെസിഡൻസ് ആർട്ടിസ്റ്റായി വരുന്നവർക്കും ഒഴിവുണ്ടെങ്കിൽ മറ്റു പ്രൊഫഷണൽ കലാകാരന്മാർക്കും ഇവിടെ താമസിക്കാം. ചിത്രകാരന്മാർ, ശില്പികൾ, വാസ്തുശില്പികൾ, സംഗീതജ്ഞർ, നർത്തകർ തുടങ്ങിയവർ മാത്രമാണ് ഇവിടത്തെ അന്തേവാസികൾ. ഏറിയാൽ രണ്ട് കൊല്ലം മാത്രമാണ് താമസിക്കുവാനുള്ള സമയപരിധി. കലാകാരന്മാർക്ക് ജോലികൾ ചെയ്യാൻ അത്യാവശ്യം വേണ്ട സൗകര്യങ്ങൾ എല്ലാം കണക്കിലെടുത്തുണ്ടാക്കിയ സ്ഥാപനമാണ് ഇത്. പാരീസിന്റെ സുന്ദരമായ ഒരു ഭാഗത്തെ അഭിമുഖം ചെയ്താണ് പ്രധാന കെട്ടിടം നിൽക്കുന്നത്. തൊട്ടു തൊട്ടുതന്നെ അനെക്സുകളായി എട്ടുപത്ത് മന്ദിരങ്ങൾ വേറെയുണ്ട്. ഞാൻ കുറച്ചുകാലം ഈ സ്ഥാപനത്തിൽ താമസിക്കുകയുണ്ടായി. അടുത്ത കെട്ടിടത്തിൽ വിശ്വനാഥനും ഉണ്ടായിരുന്നു.

ഒരു വൈകുന്നേരം വിശ്വനാഥനെ കാണുവാൻ ചെന്നു. അദ്ദേഹത്തിന്റെ കൂട്ടുകാരി നെല്ലിയും മറ്റൊരു സുഹൃത്തായ അമേരിക്കൻ ആർട്ടിസ്റ്റും ഭാര്യയും ഉണ്ടായിരുന്നു. അത്താഴത്തിന് മുമ്പ് കൂട്ടുകാരുമൊത്ത് 'അപ്പരറ്റീവ്' സേവിക്കുക ഇവിടത്തെ ഒരു പതിവാണ്. ഹിപ്പികളുടെ കാലമായിരുന്നു അന്ന്. സംഗീതജ്ഞരും കലാകാരന്മാരും പുതിയ ലഹരിപദാർത്ഥങ്ങൾ പരീക്ഷിക്കുന്ന കാലവും. അന്നത്തെ പുതുമ എൽ.എസ്.ഡി. ആയിരുന്നു. അത് പരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു അവർ. അവരോടുകൂടി ചേർന്ന് എൽ.എസ്.ഡി. കഴിച്ചുനോക്കി. വെറും വെളുത്ത ഗുളികരൂപത്തിലാണ് കിട്ടിയിരുന്നത്. ഇത് നിരോധിക്കപ്പെട്ടതാണ്. എങ്കിലും വിരുതന്മാർ ഇത് കരസ്ഥമാക്കി വന്നു. ഗുളിക വായിലിട്ട് ഇറക്കുകയേ വേണ്ടു. അവൻ അവന്റെ പണി സാവധാനം ചെയ്തു കൊള്ളും. ആദ്യമായി സംസാരം വികൃതമാകുന്നു. എന്നു പറഞ്ഞാൽ, വാക്കുകൾക്ക് സ്ഫുടത കുറയുന്നില്ല - വികലമാകുന്നില്ല. പക്ഷേ ഒരു റബ്ബർ ബാന്റ് വലിച്ചുനീട്ടിയതുപോലെയാകുന്നു. ഒരു വാചകം പറയുമ്പോൾ ഓരോ വാക്കിനു ശേഷം എത്രയോ സമയം എടുക്കുന്നതായി തോന്നും. പിന്നെ പിന്നെ ,സാവധാനത്തിൽ നിശ്ശബ്ദനാവുന്നു. ചലനങ്ങൾ പതുക്കെ പതുക്കെയാവുന്നു. അടുത്തിരിക്കുന്നവ അകന്നകന്ന് പോകുന്നതായും വലുതായി വലുതായി വരുന്നതായും ഉള്ള പ്രതീതി ഉണ്ടാകുന്നു. ശബ്ദങ്ങളുടെ സ്ഥായീഘനം കൂടിക്കൂടിവരുന്നു. ഒരു സൂചി നിലത്തുവീണാൽ കതിനവെടി പൊട്ടുന്ന ഗംഭീരശബ്ദമായി അനുഭവപ്പെടും. കൈകാലുകൾ അനന്തതയിലേക്ക് നീണ്ടു നീണ്ടുപോകുന്നതായും ദൂരം പോകുന്തോറും

വലുതായി വലുതായി തിരിച്ചുവന്ന് നമ്മളെ ആവരണം ചെയ്യുന്നതായും തോന്നും. ചുറ്റുപാടിനെ അയഥാർത്ഥമാക്കുന്നു. അർദ്ധസ്വപ്നാവസ്ഥയിലാഴുന്നു. എല്ലാം കാണാം, കേൾക്കാം, സ്പർശിക്കാം. സംഭവിക്കുന്നത് എല്ലാം ഭൂതക്കണ്ണാടിയിൽകൂടി കാണുന്നപോലെയോ ഉത്താലശബ്ദമായോ അനുഭവപ്പെടുന്നു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. എന്താണ് ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത് എന്ന് ഓർമ്മയില്ല. സമയം കൊഴിഞ്ഞു പോയിക്കൊണ്ടേയിരുന്നു. അത്താഴം കഴിക്കുവാനിറങ്ങി. അടുത്തുള്ള ലിൽ സാന്റ് ലൂയിസിൽ നല്ല ഭക്ഷണശാലകളുണ്ട്. പ്രത്യേകിച്ച് 'ഷുക്രൂട്ട് അൽസാസിയെൻ' എന്ന റസ്റ്റോറന്റ്. അവിടെയാണ് ഞങ്ങൾ കയറിയത്. വിശ്വനാഥന്റെ വീട്ടിൽനിന്ന് ഇറങ്ങുമ്പോൾ കോണിക്കൈകൾ അനന്തതയിലേക്ക് പോകുന്നതുപോലെ തോന്നി. ഒരു പാമ്പിനെപ്പോലെ വളഞ്ഞുപുളഞ്ഞ് നീണ്ടുനീണ്ടു പോകുന്നു. ബോർജ്ജസ് എഴുതിയ കവിതകളെല്ലാം മയക്കുമരുന്നുകൾ അടിച്ച് ഒരു 'മജ' വന്ന സമയത്തായിരിക്കണം. അതേപോലെ ജിമ്മി ഹെൻട്രിക്സ് നാലോ ആറോ മണിക്കൂർ നേരം നിർത്താത്ത കച്ചേരിക്ക് ശേഷം തന്റെ ലക്ഷക്കണക്കിന് വിലവരുന്ന ഗിത്താർ സ്റ്റേജിൽവെച്ച് തച്ചുടക്കുന്നതും ഇത്തരമൊരു മയക്കുമരുന്നിന്റെ ശക്തികൊണ്ടാണ്! മയക്കുമരുന്നുകൾ കൂടുതൽ ക്രിയാത്മകമാക്കുമെന്ന് ഒരു വിശ്വാസവും അനുഭവവും കലാകാരന്മാർക്കിടയിൽ ഉണ്ട്. മഹാലിംഗത്തിനും സംഗീതം പ്രവഹിക്കണമെങ്കിൽ പുല്ലാങ്കുഴലിന്റെ എല്ലാ തുളകളിൽക്കൂടിയും വിസ്കി നിറഞ്ഞൊഴുകണമായിരുന്നത്രെ. യോഗാഭ്യാസം ചെയ്ത് സുഷുമ്നയെ ഉത്തേജിപ്പിക്കുന്നതുപോലെ ഔഷധങ്ങൾകൊണ്ടും ഈ പ്രക്രിയ ചെയ്യാവുന്നതാണ്. വിഷം ഔഷധമാവുന്നതും ഔഷധം വിഷമാകുന്നതും അതിന്റെ തുലനാടിസ്ഥാനത്തിലാണ്. ഔഷധമാവുമ്പോൾ 'ഡ്രഗ്ഗ്'എന്നും വിഷമായാൽ അത് 'നാർകോട്ടിക്ക്' എന്നും പറയാം.

ഞാൻ പോകുന്നു എന്ന് പറഞ്ഞ് അവിടെനിന്ന് ഇറങ്ങി. റോഡുമുറിച്ച് കടന്ന് സേൻ നദി താണ്ടി. എതിരെ അങ്ങിങ്ങായി റോന്തുചുറ്റുന്ന പട്ടാളക്കാരെ കണ്ടു. ഈ അവസ്ഥയിൽ അവരെ കാണുന്നത് ആപത്താണെന്ന് തോന്നി. ഉടനെ വിശ്വനാഥന്റെ വീട്ടിൽ തന്നെ തിരിച്ചെത്തി.

**കാക്കനാടൻ എന്ന പേശാമടന്ത**

"എടാ, ഞാൻ അവിടെ വരുന്നു. വണ്ടി ഇറങ്ങുമ്പോൾ സ്റ്റേഷനിൽ നിന്നെ കണ്ടില്ലെങ്കിൽ ഞാൻ മടക്കവണ്ടിക്ക് തിരിച്ചുപോരും". കാക്കനാടൻ Leipzig ൽ നിന്ന് എഴുതി. മെസോൺ ദോ ലാന്റിൽ താമസിക്കുന്ന കാലം. വന്നാൽ കൂടെ താമസിപ്പിക്കാം. വിദ്യാർത്ഥി പദത്തിലാണല്ലോ കാക്കനാടൻ അന്ന്. വന്നു. പാരീസ് ചുറ്റിക്കണ്ടു. കലാകാരന്മാരും, എഴുത്തുകാരും ഒക്കെ വിരാജിച്ചിരുന്ന കഫേകളും ചിത്രാലയങ്ങളും കയറിയിറങ്ങി. അന്നത്തെ മോംപർണാസ്സ് ആയിരുന്നു ഇവരുടെ സായാഹ്നസങ്കേതങ്ങൾ. ലാ ക്ലോസറി ദോ ലീലാസ്, ലാ റൊത്തോന്ത്, ലൊ ഡോം ഈ മൂന്ന് കഫേ റെസ്റ്റോറന്റുകൾ കലാകാരന്മാരുടെ വിലമതിക്കപ്പെട്ട സങ്കേതങ്ങൾ. ഇന്ന് അവ തൊണ്ടുകൾ മാത്രമായി മാറിയിരിക്കുന്നു. പാരീസിലെ നിശാജീവിതവും പരിപാടിയിലെ ഒരു പ്രധാന ഭാഗമാണ്.

ഒരു ദിവസം രാത്രി സിത്തേയിൽ നിന്ന് ഊണു കഴിഞ്ഞ് മോംമാർത്രിൽപോയി. മോംമാർത്രിലെ 'പ്ലാസ് ദോ ലാ തേർത്യ്' കലാകാരന്മാരുടെ ഒരു തേനീച്ചക്കൂടാണ്. പണ്ടിവിടം ഫ്രഞ്ച് ഇംപ്രഷനിസ്റ്റ് കലാകാരന്മാരുടെ വിഹാരകേന്ദ്രമായിരുന്നു. ഇപ്പോൾ അത് വെറും ടൂറിസ്റ്റ് കേന്ദ്രമായി മാറി. തുച്ഛവിലയ്ക്ക് സന്ദർശകരുടെ പോട്രേറ്റ് നിന്നനില്പിൽ ചെയ്തുകൊടുക്കുകയും ചില പാരീഷ്യൻ ദൃശ്യങ്ങൾ ചെയ്ത് വിൽക്കുകയും തൊഴിലായ കലാകാരന്മാരുടെ കേന്ദ്രമായി തരംതാണു. പാരീസ് സന്ദർശകരാകട്ടെ ഇന്നും ഇതാണ് ശരിയായ ഫ്രഞ്ചുകല എന്ന നിലയ്ക്ക് അവരുടെ ചിത്രം വരപ്പിച്ച് വാങ്ങി സന്തുഷ്ടരായി മടങ്ങുന്നു.

അവിടത്തെ 'സെയ്ക്രഡ് ക്ർ' എന്ന പള്ളിക്കൊരു പവിത്രതയുണ്ട്. പണ്ടെങ്ങോ പാരീസ് ആക്രമിക്കാൻ വന്ന ഏതോ വിദേശശക്തിയെ ഈ പള്ളിയിലെ പരിശുദ്ധമാതാവ് തടഞ്ഞ് പാരീസിനെ കൊള്ളക്കാരിൽനിന്ന് രക്ഷപ്പെടുത്തിയത്രെ. ആ കുന്നിനു താഴെയാണ് പീഗാൽ എന്ന പ്രസിദ്ധമോ കുപ്രസിദ്ധമോ ആയ സ്ഥലം. ഇവിടം വേശ്യകൾക്കും, കാബറെകൾക്കും മ്യൂസിക് ഹാളുകൾക്കുമായി വിട്ടുകൊടുത്തിരിക്കുന്നു. മോംമാർത്ര് കണ്ട് താഴെയിറങ്ങി പീഗാളിൽ ചുറ്റിനടന്നു. ഒരു കാബറെയിൽ പോയി സ്ട്രിപ്റ്റീസ് കണ്ടു. വഴിയെ നടക്കുമ്പോൾ വേശ്യകൾ പിടികൂടും. "കുമാരാ ഇതിലേ, ഇതിലേ" എന്നു

പറഞ്ഞ്. ഒരു സ്ത്രീയോട് കാക്കനാടൻ ചോദിച്ചു: "എത്രയാ"? അവൾ തിരിച്ച് പറഞ്ഞു: "നൂറ്" അപ്പോൾ കാക്കനാടന് ഒരു സംശയം. ഇത് അവളുടെ കൂലിയാണോ? അതോ അവളുടെ വയസ്സോ? ഏതാണ്ട് രണ്ടും ഒപ്പമാണെന്ന് ഞങ്ങൾക്ക് തോന്നി. സുന്ദരികളായ കറുത്തവരും, വെളുത്തവരുമായ ചെറുപ്പക്കാരികൾ മുതൽ പ്രായമായ ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടവർ വരെയുള്ള സ്ത്രീകൾ നിർവിഘ്നം വേശ്യാവൃത്തി ചെയ്തുവരുന്നു. അവർക്ക് വേശ്യ എന്ന തിരിച്ചറിയൽ കാർഡും! അതവരുടെ തൊഴിൽ ആണെന്നും പറയേണ്ടതില്ലല്ലോ. കഫേകളിൽ കയറി ബീറോ, വൈനോ കഴിച്ച് ചുറ്റിത്തിരിഞ്ഞ് തിരിച്ച് പോന്നു. ബസ്സും മെട്രോയും ഒക്കെ നിന്നിരുന്നു. മണിക്കൂറുകളോളം നടന്നു. ആറുമണിയോടെ മോൺപർണ്ണാസിലെത്തി. ഒരു കാപ്പിക്കടയിൽനിന്ന് എക്സ്പ്രസ്സോ കുടിച്ചു. രാവിലെ ആദ്യത്തെ മെട്രോ പിടിച്ച് തിരിച്ചു വീട്ടിലെത്തി. കാക്കനാടൻ പോയത് ബ്രസൽസിലേക്കാണ്. അവിടെ അന്ന് ബി.എം.സി. നായർ ഉണ്ടായിരുന്നു. ബ്രസൽസിൽ നിന്ന് തിരിക്കുമ്പോൾ പോക്കറ്റ് കാലിയായി. ഏതോ ഒരു കനഡക്കാരനെയോ ആസ്ട്രേലിയക്കാരനെയോ വളച്ച് പത്ത്പതിനഞ്ച് ഡോളർ കടംവാങ്ങി ലൈപ്സിക്കിലേക്ക് തിരിച്ചുപോയി. എനിക്ക് എഴുതി. എടാ എനിക്കീ കാണുന്ന അഡ്രസ്സുകാരന്റെ കയ്യിൽനിന്ന് പതിനഞ്ച് ഡോളർ കടം വാങ്ങേണ്ടിവന്നു. നീ അവനത് അയച്ചുകൊടുക്കണം. എന്ന് സസ്നേഹം ശിവാജിശണേശൻ. അങ്ങിനെയാണ് കാക്കനാടൻ. കാക്കനാടൻ എന്നുവെച്ച് അധികം എഴുത്തുകളൊന്നും എനിക്ക് കിട്ടിയിട്ടില്ല. മുകുന്ദൻ, ഗംഗൈകൊണ്ടചോളൻ, പേശാമടന്ത എന്നൊക്കെയാണ് എഴുതുക പതിവ്.

അടുത്ത വിസിറ്റ് കുറച്ചുകൊല്ലങ്ങൾക്കു ശേഷമാണ്. ഞങ്ങളുടെ വിവാഹാനന്തരം ചെറിയ ഒരു അപ്പാർട്ടുമെന്റിൽ താമസിക്കുന്ന കാലം. വളരെ ചെറിയ ഒരു അപ്പാർട്ടുമെന്റ്. ചിത്രരചനയ്ക്ക് സിത്തേ ദെസാർട്ട് എനിക്കൊരു സ്റ്റുഡിയോ മോംമാർത്രിൽ അനുവദിച്ചു തന്നിരുന്നു.

അക്കാലത്താണ് മലയാളനാടിന്റെ പത്രാധിപർ എസ്.കെ. നായർ കയറി വന്നത്. കുങ്കുമത്തിൽ എം.വി.ദേവൻ എന്നെക്കുറിച്ച് ലേഖനം എഴുതിയിരുന്നു. അതായിരിക്കണം അദ്ദേഹത്തെ എന്നിലേക്ക് ആനയിച്ചത്. കലാപീഠമായും എസ്.കെ. സൗഹാർദ്ദം പുലർത്തിയിരുന്നു. എന്റെ സ്റ്റുഡിയോവിൽ സൽക്കരിക്കുവാനുള്ള ഏർപ്പാടുകളൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾ പുറത്തുപോയി ഭക്ഷണം കഴിച്ചു. പല സ്ഥലങ്ങളും ഒന്നിച്ചു നടന്നുകണ്ടു. പ്രധാനമായും 'ബത്തോമുഷ്' എന്ന സേൻ നദിയിൽ കൂടെ ഒരു ബോട്ടുയാത്ര. പിന്നെ ഞങ്ങൾ 'ക്രെയ്സി ഹോർസ്' എന്ന കാബറെയിൽ പോയി. ഇത് അവിടത്തെ ഏറ്റവും പ്രശസ്തമായ കാബറെയാണ്. പതിനെട്ടും ഇരുപതും വയസ്സായ കന്യകമാരാണ് അവിടെ പ്രദർശനത്തിന്. അവിടെനിന്ന് സ്ട്രിപ്റ്റീസും സംഗീതപരിപാടികളും നഗ്നനൃത്തങ്ങളും ഷാംമ്പെയിന്റെ ലഹരിയിൽ ഞങ്ങൾ വേണ്ടുവോളം ആസ്വദിച്ചു. നമ്മൾ പലപ്പോഴും ജീവിക്കുന്ന ചുറ്റുപാടുകളിലുള്ള സംഭവങ്ങൾ ഒരു പ്രത്യേക അവസരം ഉണ്ടാകുമ്പോൾ മാത്രമേ അറിയുവാൻ കഴിയുകയുള്ളു. അറിയപ്പെടുന്ന സുഹൃത്തുക്കളുടെ ഇത്തരം സന്ദർശനങ്ങൾ ഇല്ലായിരുന്നെങ്കിൽ എനിക്ക് അവയിന്നും അജ്ഞാതമായേനെ.

1968 ലോ 69 ലോ എന്നോർമ്മയില്ല, കലാമണ്ഡലം കൃഷ്ണൻകുട്ടിനായർ ഒരു ഗ്രൂപ്പുമായി വന്നു. പാരീസ്സിലെ 'മ്യൂസേ ഗ്വിമേ'യിൽ വച്ചാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. വേഷമില്ലാതെ പച്ചമനുഷ്യനായി. മിസീസ് മിറിയാം ജിലു - പ്രസിദ്ധ ഫ്രഞ്ചുകവിയായ ബ്ലെസ്സ് സാദ്രാറുടെ മകൾ. കേരളത്തോട് ആത്മീയബന്ധമുള്ള ഒരു ഫ്രഞ്ചുകാരി. മാലക്കരയിലെ കൃഷ്ണമേനോന്റെ ശിഷ്യ. ചെങ്ങന്നൂർ ഒരു ആശ്രമമുണ്ടല്ലോ. ഈ ഗുരുവിനെ സന്ദർശിക്കാൻ എത്രയോ ഫ്രഞ്ചുകാർ വരാറുണ്ട്. പല പ്രസിദ്ധ എഴുത്തുകാരും കലാകാരന്മാരും ജ്ഞാനസമ്പാദനത്തിനും ആത്മീയശാന്തിക്കുമായി ഗുരുവിനെ സന്ദർശിക്കുന്നു. മിറിയാമിന്റെ മകൾ മറീനും ലൂബാഷീർഡും ഏവാസില്ലിയും മറ്റും എന്റെ അരികിൽ പ്രാഥമിക മലയാളം പഠിക്കുവാൻ വരുകയുണ്ടായി. മിറിയം ജിലു എന്നെ ധാരാളം പ്രോത്സാഹിപ്പിച്ചിട്ടുണ്ട് - ഈ മിറിയവും കൃഷ്ണൻകുട്ടിനായരും കൂടിയുള്ള ഒരു മുഖാമുഖത്തിന്റെ തർജ്ജമ ചെയ്തു കൊടുക്കാനാണ് എന്നെ അവർ വിളിച്ചത്. അത് കലാമണ്ഡലം കൃഷ്ണൻകുട്ടിനായരെ പരിചയപ്പെടാനുള്ള അവസരമായി.

പാരീസ് അന്ന് ഭാരതീയകലകളെ പരിചയപ്പെട്ട് വരുന്ന കാലമായിരുന്നു. 'ലമി ദ് ലോറിയന്റ്' എന്ന അസോസിയേഷനാണ് ചിലപ്പോഴെല്ലാം ഇന്നാട്ടിലെ ദൃശ്യകലകളും സംഗീതവും കാഴ്ചവെച്ചിരുന്നത്.

ഇതിന്റെ മുന്നോടി തീർച്ചയായും രവിശങ്കർ തന്നെ. അന്ന് ഹിപ്പികളുടെ കാലമായിരുന്നു. അവർക്ക് ചരസ്സടിച്ച് നിഷ്ക്രിയരായിരിക്കുമ്പോൾ ആസ്വദിക്കാൻ പറ്റിയ ഒരു ഉപകരണമായി മാറി സിത്താർ. കഥകളി ആദ്യം ഇവിടെ എത്തിച്ചത് വള്ളത്തോളാണ്. അതിനുശേഷം ഇടവിട്ട ഋതുക്കളിൽ സംഗീതം, ഭരതനാട്യം, കഥകളി തുടങ്ങി ഇന്ത്യയിൽനിന്ന് പലതും വന്നുതുടങ്ങി. തുച്ഛമായ പ്രതിഫലത്തിന് ഇവർ കലാകാരന്മാരെ വാങ്ങി. നമ്മുടെ ജീവിതനിലവാരത്തിന് ചേർന്ന പ്രതിഫലം ഡോളറിലിവർ വാഗ്ദാനം ചെയ്തു. അതൊരു കണ്ണിൽപൊടിയിടുന്ന ഏർപ്പാടാണ്. വിദേശത്ത് പോകാനുള്ള മോഹം; പിന്നെ കിട്ടുന്ന പ്രതിഫലം വിദേശനാണയത്തിലും. സത്യാവസ്ഥ ദയനീയമാണ്. അവിടെ എത്തിപ്പെട്ടാൽ അവർക്കു കൊടുത്തിരുന്ന ഡി.എ. കൊണ്ട് ഒരു കാപ്പിയും സിഗരറ്റും വാങ്ങാം. രണ്ടും കൂടി വേണമെങ്കിൽ പണം വേറെ കാണണം. കൊല്ലങ്ങൾക്ക് മുമ്പത്തെ കഥയാണ് പറഞ്ഞത്. ഇപ്പോൾ സ്ഥിതികൾക്ക് കുറച്ചുകൂടി മാറ്റം വന്നിട്ടുണ്ടാവാം, ഒരുപക്ഷേ. അന്ന് കൂടിയാട്ടക്കാർ വന്നപ്പോൾ വാർദ്ധക്യം ബാധിച്ചു തുടങ്ങിയ പൈങ്കുളം രാമചാക്യാരേയും സംഘത്തേയും ഞാൻ എന്റെ വീട്ടിലേക്കു ക്ഷണിച്ചു. വീട്ടിലെത്താൻ കുറച്ചു താമസിച്ചു. പ്രായമായവരെ, പ്രശസ്തരായ ബഹുമാനപ്പെട്ട മാന്യകലാകാരന്മാരെ, കേരളത്തിന്റെ അല്ല ഭാരതത്തിന്റെ തന്നെ ജീവിച്ചിരിക്കുന്ന സമ്പത്ത്, The living Monument, living Treasure of India എന്നെല്ലാം വിശേഷിപ്പിക്കാവുന്ന വ്യക്തികളെ രാത്രി എട്ടൊമ്പത് മണിക്ക് ഫ്രാൻസിലെ കൊടുംതണുപ്പത്ത് നടത്തിയും കുറച്ച് മെട്രോയിലും ഒക്കെ ആയി വീട്ടിലെത്തിച്ചപ്പോൾ ഞാൻ സന്തോഷംകൊണ്ട് വീർപ്പുമുട്ടി. ഒപ്പം അവരനുഭവിച്ച കഷ്ടപ്പാടുകളോർത്ത് വിഷമിക്കുകയും.

ഞാൻ അവർക്ക് ഭക്ഷണം കൊടുത്തു. അസസ്യം വേണ്ടവർക്ക് അത്. മറ്റവർക്ക് ഒന്നാം ക്ലാസ്സ് സാമ്പാർ, അവിയൽ, വറുത്തുപ്പേരി, പപ്പടം, കടുമാങ്ങ എന്ന കേരളീയരീതിയിൽ. മദ്യപിക്കേണ്ടവർക്ക് അതും. ഫ്രാൻസിലായതുകൊണ്ട് ഞാനവിടത്തെ സമ്പ്രദായം പോലെ ആചരിച്ചു. ആഹാരം കഴിച്ചും കുടിക്കേണ്ടവർ കുടിച്ചും സ്ഥലം വിട്ടു. പിറ്റേന്നെനിക്ക് കുറെ ചീത്ത കിട്ടി. മെലിനയുടെ വക. ഞാനവരെ കുടിപ്പിച്ച് പമ്പരം കുത്തിച്ചു എന്ന്. ഒരു മെട്രോ ടിക്കറ്റ് കൂടി അധികം വരരുതെന്ന് കണക്കാക്കി ആട്ടിൻപറ്റങ്ങളെപ്പോലെ നമ്മുടെ ബഹുമാനപ്പെട്ട മഹതികളേയും മഹാന്മാരേയും തണുത്ത രാത്രിയിൽ പാരീസിലെ നഗരത്തിലൂടെ തെളിച്ചുകൊണ്ടുവന്നയാളാണ് ഈ പറഞ്ഞത്. ഇത്തരം ഇടത്തട്ടുകാർ അന്ന് ധാരാളമുണ്ടായിരുന്നു. ഇവിടെനിന്ന് ഒരു നിശ്ചിതപരിപാടിക്ക് ശട്ടംകെട്ടി അവിടെ എത്തിയാൽ അവരെ കഴിയുന്നത്ര പിഴിഞ്ഞു മുതലെടുത്തിട്ടേ വിടൂ. ആറു ദിവസത്തെ കളിയാണ് എങ്കിൽ കളിയില്ലാത്ത സമയത്തും അവരെ വെറുതെ വിടില്ല. വീഡിയോ എടുക്കണം, പ്രസ്സ് കോൺ ഫറൻസിൽ പോകണം, സ്റ്റഡിക്ലാസ്സ്, ഡമോൺസ്ട്രേഷൻ അങ്ങിനെ ഒരു മിനിട്ടവർക്ക് സ്വൈരം കൊടുക്കില്ല. ഇതിനാണെങ്കിലോ, ഓവർടൈം പ്രതിഫലമൊന്നും കൊടുക്കുന്നുമില്ല. ഈ മുതലെടുക്കുന്ന സമ്പ്രദായം പല കലാകാരന്മാർക്കും അറിയാമെങ്കിലും ആരും പ്രതിഷേധിക്കാറില്ല. കാരണം അതൊരു സംഘകലാപ്രകടനമാണ് എന്ന അർപ്പിതമനോഭാവമുള്ളവരാണ് നമ്മൾ. അതെന്റെ ധർമ്മമാണ് എന്ന വിശ്വാസത്തിൽ എല്ലാത്തിനും വഴങ്ങിക്കൊടുക്കലാണല്ലോ നമ്മുടെ സ്വഭാവം.

എമ്പ്രാന്തിരി, ഹൈദരാലി, വാസു, ഗോപി, മാടമ്പി തുടങ്ങിയവരുടെ കഥകളിസംഘം വന്നപ്പോഴും ഞങ്ങൾ ഒന്നിച്ചുകൂടി. രസകരമായ ഒരു സായാഹ്നം. ഹൈദരാലി പാടി. ഗതോയമാശ്ചര്യമയീ ഭവത്പുരേ...എന്ന ശ്ലോകം, തുടർന്ന് സ്വപ്നങ്ങളേ... പിന്നെ കഥകളിപ്പദങ്ങളും. അതൊരു പ്രത്യേക അനുഭൂതിയായിരുന്നു. ഞാനാ പാട്ടുകൾ ശബ്ദലേഖനം ചെയ്തു. എന്റെ മകൻ അഗ്നിക്ക് മൂന്ന് വയസ്സായിരുന്നു. ഇവരോടുള്ള എന്റെ ഏറിയ താത്പര്യം കണ്ടപ്പോൾ അവനെ ഞാൻ തഴഞ്ഞെന്നവന് തോന്നിയോ എന്തോ. അവൻ കുരവയിടുന്ന പോലെ കളകളശബ്ദമുണ്ടാക്കി. കോണിപ്പടിയിൽ തട്ടിയും മുട്ടിയും എന്റെ ശബ്ദശേഖരണം അലങ്കോലപ്പെടുത്താൻ ശ്രമിച്ചു. ഞാൻ ശുണ്ഠിയെടുത്ത് ഒരു പെട വെച്ചു കൊടുത്തു. പിന്നെ റെക്കാർഡ് ചെയ്തതിലെല്ലാം അവന്റെ കരച്ചിൽ മാത്രമായിരുന്നു. ഇന്ന് ആ കാസറ്റ് കേൾക്കുമ്പോൾ എനിക്ക് ദുഃഖം തോന്നാറുണ്ട്. ഹൈദരാലി പോയി. എമ്പ്രാന്തിരിയും!

നിത്യചൈതന്യയതി, പേരുകേട്ടിട്ടുണ്ട്. അങ്ങിങ്ങായി ചില കവിതാശകലങ്ങൾ വായിച്ചിട്ടുണ്ട്. ഹിമാലയപർവ്വതത്തിലും, തിബത്തിലും മറ്റും അതികായനായ ഒരു രൂപത്തെ കണ്ടതും കേട്ടതുമായി പറയാറുണ്ട് - snow man. യതി എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. ആ യതിയുടെ രൂപമാണ് അദ്ദേഹത്തിന്റെ പേര് എഴുതിക്കാണുമ്പോൾ മനസ്സിൽ രൂപം കൊണ്ടിരുന്നത്. ജാൻ ലെഷ്ടർ എന്ന ഒരു

ഫ്രഞ്ചുകാരൻ - യതിയുടെ ശിഷ്യൻ - അദ്ദേഹം ഒരു ചിത്രകാരനായിരുന്നു. വളരെ കൊല്ലങ്ങൾ കേരളത്തിൽ താമസിച്ചിട്ടുണ്ട്. എന്നെ ഒരു ദിവസം വിളിച്ചിട്ടു പറഞ്ഞു: "ഗുരു യതി വരുന്നുണ്ട്. ഒരാഴ്ച എവിടെയെങ്കിലും താമസിപ്പിക്കണം. പരിചയക്കാരുടെകൂടെ തന്നെ വേണം". ഞാൻ ലെഷ്ടറോട് പറഞ്ഞു: "എനിക്കദ്ദേഹത്തെ അത്ര പരിചയമില്ലല്ലോ", ഉടനെ വന്നു ലെഷ്ടറുടെ മറുപടി "അദ്ദേഹത്തിന് നിങ്ങളെ അറിയാം." മനസ്സിലായി - അക്കിത്തം എന്ന പേരാണ് അദ്ദേഹത്തെ ഇങ്ങോട്ടാനയിച്ചത്. ജ്യേഷ്ഠൻ കവിയാണല്ലോ!

ഒരു ചെറിയ സംഘം എന്റെ വീട്ടിലെത്തി. ശാന്തസ്വരൂപനായ യതി. കണ്ടപ്പോൾ മഞ്ഞു മനുഷ്യനെല്ലാം ഉരുകി വെള്ളമായിപ്പോയി. ഒരു മുണ്ടും ജുബ്ബയും സോക്സും ചെരിപ്പും തൊപ്പിയും ധരിച്ച് പൂർണ്ണ മനുഷ്യനായ യതി വന്നുകയറി. വീടിന് സാമാന്യം വലുപ്പമുണ്ട്. ഒരു ഇരട്ടക്കട്ടിലും ഒരു കുട്ടിക്കട്ടിലും മേശ, കസേര തുടങ്ങിയ അത്യാവശ്യ സാധനങ്ങളും താഴത്ത്. മേലേ ഒരു മെസാനിൻ, നല്ല ഒരു മുറി. അതിൽ മുക്കാൽഭാഗവും സച്ചിക്കോയുടെ പിയാനോ കൊണ്ട് നിറഞ്ഞിരുന്നു. യതിയെ ഞാൻ കട്ടിലിലിരുത്തി. കോണികയറാനും ഇറങ്ങാനും പ്രയാസമാവുമെന്ന് കരുതി അദ്ദേഹത്തെ താഴത്തുതന്നെ ഇരുത്തി. പിന്നെ സന്ദർശകർക്കാണ് സൗകര്യം - സന്ദർശകർ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. അവർ വരും. കുറെ സംസാരിക്കും; വേദാന്തമൊന്നുമല്ല, എന്തോ ചില ആശ്രമങ്ങളുടെ നടത്തിപ്പും കാര്യങ്ങളും കണക്കുകൂട്ടലും കിഴിക്കലും ഒക്കെയായിരുന്നു അവർ കൈകാര്യം ചെയ്ത വിഷയങ്ങൾ. അവരാരും ഇല്ലാത്ത സമയത്ത് അദ്ദേഹം വായിക്കും - എഴുതും. പിന്നെ ഞങ്ങൾ കല, സംഗീതം തുടങ്ങിയ വിഷയങ്ങളിലേക്ക് കടക്കും; മകനുമായി സംവദിക്കും; കളിക്കും. എന്റെ 1984 ൽ പുറത്തിറക്കിയ സൗന്ദര്യലഹരി അദ്ദേഹം കണ്ടു. പോകുന്നതുവരെ അത് തിരിച്ചും മറിച്ചും നോക്കിയിരുന്നു. ഉറങ്ങുമ്പോൾ അത് തലയിണയുടെ അടുത്ത് വെച്ച് ഉറങ്ങി. അദ്ദേഹത്തിന്റെ സൗന്ദര്യലഹരിയുടെ വ്യാഖ്യാനവും അക്കാലത്താണ് വന്നത്. അങ്ങിനെ ശാന്തവും എന്നാൽ സജീവവുമായ ഒരാഴ്ച കടന്നുപോയി. അദ്ദേഹം ഭക്ഷണം സ്വാദറിഞ്ഞു കഴിക്കുമായിരുന്നു. പോകുമ്പോൾ "ഫേൺസ്ഹില്ലിൽ വരണം; തീർച്ചയായും വരണം; എല്ലാവരുംകൂടി"- അദ്ദേഹത്തിന്റെ ക്ഷണവും കിട്ടി. 1988 ൽ ഞങ്ങൾ നാട്ടിൽ വന്നപ്പോൾ പോകാൻ അവസരം വന്നില്ല. നിത്യയുടെ ഒരു ഇൻലന്റ് കിട്ടി - "സുഖമില്ലാതെ കിടപ്പിലായിരുന്നു. താങ്കളും കുടുംബവും പാരീസിലേക്ക് മടങ്ങിയോ എന്ന് അറിയില്ല." സ്നേഹിക്കുവാനും ഓർക്കുവാനും കഴിയുന്നത് ഒരനുഗ്രഹം തന്നെ - നിത്യ. അദ്ദേഹം ഇന്നില്ല.

**ഫൊക്കാനയും വല്യേട്ടനും**

ഫൊക്കാനയുടെ വാർഷികസമ്മേളനം 1994 ൽ തൊറാന്റ്റോയിൽ വെച്ചായിരുന്നു. ഇല്ലത്തുനിന്ന് ന്യൂയോർക്ക് വരേയും, അമേരിക്കയിലെല്ലായിടത്തും ഏട്ടനെ ശുശ്രൂഷിക്കാൻ പല സഹൃദയരുമുണ്ടായിരുന്നു. കാനഡയിൽ നിന്ന് പാരീസിലേക്ക് കൂട്ടികൊണ്ടുവരാനാണ് ഞാൻ തൊറന്റ്റോയിൽ പോയത്. അതുകൊണ്ട് എന്നേയും അവർ ക്ഷണിച്ചു. ഒരു ചെറിയ ചിത്രപ്രദർശനവും കൂട്ടത്തിൽ നടത്തിയാലെന്ത്? എന്നൊരു ആശയം ചില നമ്പൂതിരിമാർ ഉന്നയിച്ചു. എന്റെ യാത്രാചെലവും ചിത്രങ്ങൾ അവിടെ പ്രദർശിപ്പിക്കാനുള്ള സഹായങ്ങളും ഏറ്റെടുക്കാമെങ്കിൽ വരാമെന്നേറ്റു. "ഓ വളരെ സന്തോഷം. എല്ലാം ഞങ്ങളേറ്റു". എന്ന് സമ്മതം കിട്ടി. പത്തിരുപത് ചെറിയ ചിത്രങ്ങളുമായി ഞാനവിടെ എത്തി. എന്റെ saga ഇവിടെ നിന്നു തന്നെ തുടങ്ങി. ഭാരവാഹികളാരും എന്നെ തിരിഞ്ഞുനോക്കിയില്ല. ഒരു സുഹൃത്തിന്റെ കൂടെ രണ്ടുദിവസം താമസിച്ചു. അവരുടെ ശ്രമത്തിൽ ഫൊക്കാനയുടെ സംഘാടകരെക്കൊണ്ട് ഒരതിഥിപദം സമ്പാദിപ്പിച്ചു. ഏട്ടനും ഞാനും അടുത്തടുത്തുള്ള മുറികളിൽ തന്നെ. എല്ലാം ഭംഗിയായി. ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള ഒരു സ്ഥലമോ, അതിനുവേണ്ട സാമഗ്രികളോ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. സംസ്കൃതരെന്ന് നടിക്കുന്നവർക്കോ .അവിടെ വന്ന് ചേർന്നിരുന്ന മറ്റുള്ള മഹാന്മാർക്കോ പൂരത്തിന് വളയും മുറുക്കും വിൽക്കുവാനെത്തുന്ന വാണിഭക്കാരെപ്പോലെ മറ്റൊരു സാധനം വാണിഭത്തിന് കൊണ്ടുവന്നിരിക്കുന്നു എന്നതിലധികമൊന്നും ചിത്രകലാപ്രദർശനത്തെക്കുറിച്ച് ഒരു ബോധവും ഉണ്ടായിരുന്നില്ല. ചിത്രങ്ങൾ ഒരുവിധം അവിടവിടെ കെട്ടിത്തൂക്കി. നാലഞ്ച് ദിവസം കഴിച്ചുകൂട്ടി. ഹോട്ടൽചെലവും ഭക്ഷണചെലവും സൂത്രത്തിൽ കഴിഞ്ഞുപോയി. തൊറാന്റ്റോയിലെ നയാഗ്രാവെള്ളച്ചാട്ടവും മറ്റു ആകർഷകമായ സ്ഥലങ്ങളും സന്ദർശിക്കാൻ കഴിഞ്ഞു. മാപ്പിൾമരത്തിൽനിന്ന് ഊറ്റിയെടുക്കുന്ന മേപ്പിൾതേൻ ഒരു കുപ്പി വാങ്ങിവെച്ചു. നന്നായി മൊരിച്ചെടു

ത്ത ചൂടുടോസ്റ്റിൽ വെണ്ണ പുരട്ടി മീതെ മാപ്പിൾ സിറപ്പ് പകർന്ന് തിന്നുവാൻ ബഹുരസമാണ്. സാധാരണ ഹോട്ട് കെയ്ക്ക് എന്ന അപ്പമാണ് ഇതിനു ചേർച്ച. കാനഡയുടെ ഒരു പ്രത്യേകതയാണ് മാപ്പിൾ സിറപ്പ്.

ഫൊക്കാന ആഘോഷത്തിന്റെ അവസാനദിവസമായിട്ടും വാഗ്ദാനം ചെയ്തിരുന്ന ചെലവുകളൊന്നും തരുന്ന മട്ടു കണ്ടില്ല. അവസാനം, എന്നെ അതിലേക്കു വലിച്ചിഴച്ച നമ്പൂതിരിമാർ, സ്വന്തം കൈയിൽ നിന്ന് ആ തുക മാസങ്ങൾക്കുശേഷം എനിക്ക് അയച്ചുതന്നു. ഏട്ടന്റെ ഫ്രഞ്ചുവിസ കൈക്കലാക്കാൻ കുറച്ചു പ്രയാസപ്പെട്ടു. സാധാരണ ഇന്ത്യവിടുന്നതിന് മുമ്പു തന്നെ തന്റെ സ്ഥിരതാമസസ്ഥലത്തുനിന്ന്, സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന രാജ്യങ്ങളുടെ എല്ലാ വിസകളും മുൻകൂട്ടി വാങ്ങിവെക്കേണ്ടതാണ്. ഏട്ടനാകട്ടെ അമേരിക്കൻവിസ മാത്രമേ എടുത്തിരുന്നുള്ളു. ഇന്ത്യയിലെ ഫ്രഞ്ച് എംബസിയിൽ മുകുന്ദൻ ഉണ്ടായിരുന്നു. ടെലിഫോൺ ചെയ്തും ഫാക്സ് അടിച്ചും സമയത്തിനുതന്നെ വിസ ശരിയാക്കി കിട്ടി. ഞങ്ങൾ തൊറാന്റ് റോ വിട്ടു. പാരീസിലെത്തി ഏട്ടൻ ഞങ്ങളുടെ വീടിന്റെ ഒരു ഭാഗമായി മാറി കുറച്ചു ദിവസം പാർത്തു.

ഇതിന്ന് കുറച്ചുകൊല്ലങ്ങൾക്കുമുമ്പുതന്നെ ഏട്ടന്റെ കവിതകൾ പാരീസ്സിലെത്തിയിട്ടുണ്ടായിരുന്നു. ഏട്ടന്റെ വരവിപ്പോഴെ ആയുള്ളു. 'ആക്ഷൻ പോയറ്റിക്ക്' എന്നൊരു റെവ്യൂവിൽ കവിതകൾ എഡിറ്റ് ചെയ്തിരുന്നു. ഒരു ഷഢ്മാസികം . ഓരോ ലക്കവും ഓരോ രാജ്യത്തിന് നീക്കിവെച്ചതും. ഒരു തവണ അത് ഇന്ത്യൻ കവിതയ്ക്കായിരുന്നു. ദൊമിനിക് ബിസ്സേയും ഞാനും കൂടി 15-ഓളം കവിതകൾ ഫ്രഞ്ചിലേക്ക് ഭാഷാമാറ്റം ചെയ്തിരുന്നു. മറ്റു കുറെ കുട്ടിക്കവിതകൾ ജാക്ജൂവേ ഇല്ലത്ത് വന്ന് ഏട്ടനോടൊപ്പമിരുന്ന് ഫ്രഞ്ചിലാക്കി. ഈ പതിപ്പിൽ മറ്റ് മലയാളകവികളായ അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ, രമേശൻനായർ, വൈലോപ്പിള്ളി തുടങ്ങിയവരുമുണ്ടായിരുന്നു. വൈലോപ്പിള്ളിയുടെയും രമേശൻ നായരുടേയും കവിതകളും ഞങ്ങൾ തന്നെയാണ് വിവർത്തനം ചെയ്തത്. അയ്യപ്പപ്പണിക്കരുടെ കവിതകൾ ക്ലോഡ് അഡലൻ ആണ് വിവർത്തനം ചെയ്തത്.

ഏട്ടന്റെ ഒരു കവിതാപാരായണം ഫ്രാൻസ് കൾച്ചർ റേഡിയോ ബ്രോഡ്കാസ്റ്റ് ചെയ്തു. സാധാരണ ഇതിനൊരു പ്രതിഫലം ഏട്ടന് കിട്ടേണ്ടതായിരുന്നു. ആന്ദ്രേ വെൽട്ടർ എന്ന സാമാന്യം അറിയപ്പെടുന്ന ഒരു കവിയാണ് ഏട്ടനെ ഇന്റർവ്യൂ ചെയ്തത്. ഇദ്ദേഹം ഫ്രഞ്ച് റേഡിയോവിൽ ഒരു ജോലിക്കാരനുമായിരുന്നു. പ്രതിഫലമായി ഏട്ടന് ഒന്നും അവർ കൊടുത്തില്ല. റേഡിയോ സ്റ്റേഷനിൽ ശബ്ദലേഖനത്തിനെത്തുവാൻ വേണ്ട ടാക്സി ചാർജ് ഒഴികെ ബാക്കി എല്ലാം സംഘാടകർ പോക്കറ്റിലിട്ടിട്ടുണ്ടാവണം.

കല, സാഹിത്യം, സംഗീതം എന്നിവയിൽ അതിയായ പ്രാവീണ്യമുള്ള ഒരു സഹൃദയയാണ് ക്രിസ്തി നബ്യുറുസ്. ആധുനികവും പുരാതനവുമായ ഒരു വിലപ്പെട്ട കലാശേഖരം അവർക്കുണ്ട്. മെഡിസിനും തുടർന്ന് ബാലേ, മ്യൂസിക്, റൊസ്റ്ററേഷൻ, ആർട്ട്ഹിസ്റ്ററി എന്നിവയിലെല്ലാം അവർ പ്രാവീണ്യം നേടി. പല അന്താരാഷ്ട്ര കലാപ്രദർശനങ്ങളുടേയും കമ്മീഷണറാണ് അവർ. ഇടയ്ക്കെല്ലാം അവരുടെ വീട്ടിൽ സാഹിത്യസായാഹ്നങ്ങളും സംഗീതക്കച്ചേരികളും നടത്തി വരാറുണ്ടായിരുന്നു. ഏട്ടനേയും ഒരു സായാഹ്ന കവിതാപാരായണത്തിന് ക്ഷണിച്ച് ഒരു സ്വീകരണം നൽകി. കവിതകൾ മലയാളത്തിൽ ചൊല്ലുകയും അവയുടെ ഫ്രഞ്ചുവിവർത്തനം ഒരു ഫ്രഞ്ചുകാരി ആലപിക്കുകയുമായിരുന്നു. നമ്മുടെ കവിതകൾ ചൊല്ലുന്നത് മറ്റു ഭാഷകളിൽനിന്നും വളരെ വ്യത്യസ്തമായ ശൈലിയിലാണ്. ഓരോ വൃത്തത്തിനും അതിന്റേതായ സംഗീതചട്ടക്കൂടുകളുണ്ട്. അതുകൊണ്ടാവാം അറുപതിലധികം പേർ മണിക്കൂറുകളോളം ഉറക്കം തൂങ്ങാതെ കേട്ടിരുന്നത്. ഭക്ഷണം കഴിച്ച് അഭിനന്ദിച്ച് അവർ തിരിച്ചുപോയി.

ഫ്രാൻസിൽ എത്ര പേർ കവിത വായിക്കുന്നു? ഒരു കവിതാസമാഹാരം സാധാരണ 300 കോപ്പികളാണടിക്കുന്നത്. ഫ്രാൻസിന്റെ പോപ്പുലേഷൻ അറുപത് മില്ല്യനും. ദുർല്ലഭം കവിതാസമാഹരണങ്ങൾ പുനഃപ്രകാശനം ചെയ്യുന്നുണ്ട്. വാരികകൾ, മാസികകൾ, പത്രങ്ങൾ ഇവയിൽ കേരളത്തിലേതുപോലെ കവിതകൾ പ്രസിദ്ധീകരിക്കാറില്ല. സാധാരണക്കാർ കവിതകൾ കാണുന്നതുപോലുമില്ല. ഇക്കാര്യത്തിലെങ്കിലും നമുക്ക് ഫ്രാൻസിനോട് ജയിക്കാനാവുമല്ലോ!

■